കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ചിറയിൻകീഴ് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

**2018-19**

ജില്ലാ ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം.

e-mail:lfadtvm@yahoo.in
dotvm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.8/1034(1)/2019


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം,

തീയതി : 30.07.2019

e-mail:[lfadtvm@yahoo.in](mailto:lfadtvm@yahoo.in)


**ഡെപ്യൂട്ടി ഡയറക്ടർ**

**പ്രസിഡന്റ് (സെക്രട്ടറി മുഖേന),**

**ചിറയിൻകീഴ് ഗ്രാമപഞ്ചായത്ത്**

സർ,

വിഷയം : ചിറയിൻകീഴ് ഗ്രാമപഞ്ചായത്ത് - 2018-19സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് -സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചിറയിൻകീഴ് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) - ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികയിലേക്ക് പ്രത്യേകം ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക).

**വിശ്വസ്തതയോടെ,**

**ഒപ്പ്**
**ഡെപ്യൂട്ടി ഡയറക്ടർ,**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.**

**<u>പകർപ്പ് :</u>**

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (ഉപരി പത്രം സഹിതം),

2) ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, തിരുവനന്തപുരം,

3) കാര്യാലയ പകർപ്പ്,4) സ്പെയർ.

നം.കെ.എസ്.എ.റ്റി.വി.എം/ജി.പി.8/1034(1)/2019 തീയതി: 30.07.2019

## തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം1-വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 11.11.2018 മുതൽ 20.05.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് . 46 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 41 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന്ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.എം.ഷാജഹാൻ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 20.05.2019 മുതൽ 28 .05.2019 വരെ |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് |
|---|---|
| ശ്രീ.മനേഷ്.ബി.എച്ച്. | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി വാലന്റീന.എം | ഓഡിറ്റ് ഓഫീസർ |
| ശ്രീ.പ്രേംനാഥ്. ജി.കെ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീമതി. ലേഖ. എം.എൽ. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ.സുജേഷ്. എസ്. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ.അരുൺദേവ്. വി.ആർ. | ഓഡിറ്റർ |

### നിർവഹണാധികാരികൾ

| | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. ഡീന.എസ്. | 01.04.2018 മുതൽ 31.03.2019വരെ |
| സെക്രട്ടറി | ശ്രീ.ഫൈസൽ.എ.എസ്. | 01.04.2018 മുതൽ |

| | | 31.03.2019വരെ |
|---|---|---|

## നിർവ്വഹണോദ്യോഗസ്ഥർ

| നിർവഹണോദ്യോഗസ്ഥർ | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | ശ്രീ. ഫൈസൽ.എ.എസ്. | 01.04.2018 മുതൽ 31.03.2019വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. പ്രകാശൻ.വി. | 01.04.2018 മുതൽ 31.03.2019വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി. റീന.ഒ.റ്റി. | 01.04.2018മുതൽ 21.06.2018 വരെ |
| | ശ്രീമതി. ശ്രുതി സിംഗ് | 22.06.2018 മുതൽ 29.06.2018 വരെ |
| | ശ്രീമതി. ശ്രീവിദ്യ. എസ്. | 30.06.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. അനോൾഡ് ദീപക് | 01.04.2018 മുതൽ 31.03.2019വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. രാജശേഖരൻ.എം | 01.04.2018 മുതൽ 31.03.2019വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.സുനിൽകുമാർ.എസ്. | 01.04.2018 മുതൽ 31.03.2019വരെ |
| വെറ്റിനറി സർജൻ | ശ്രീമതി.ആശാ രാജൻ | 01.04.2018 മുതൽ 31.03.2019വരെ |
| വി.ഇ.ഒ - I | ശ്രീമതി. വീണ.ആർ. | 01.04.2018 മുതൽ 10.02.2019വരെ |
| | ശ്രീ. സൈജു | 11.02.2019 മുതൽ 31.03.2019വരെ |
| വി.ഇ.ഒ - II | ശ്രീമതി. വീണ | 01.04.2018 മുതൽ 12.03.2019വരെ |
| | ശ്രീ. മനോജ് | 13.03.2019 മുതൽ 31.03.2019വരെ |
| കൃഷി ഓഫീസർ | ശ്രീ. അനിൽ കുമാർ.ബി. | 01.04.2018മുതൽ 15.07.2018 വരെ |
| | ശ്രീമതി. അനുരാജൻ.എസ്. | 16.07.2018മുതൽ 31.03.2019 വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി. രേഖ.കെ. | 01.04.2018 മുതൽ 31.03.2019വരെ |
| ഹെഡ്മിസ്ട്രസ്, ഗവ. L.P.S. | ശ്രീമതി.ജയലത. വി. | 01.04.2018 മുതൽ 31.03.2019വരെ |
| ഹെഡ്മാസ്റ്റർ, ഗവ. U.P.S. | ശ്രീ. ശ്രീകുമാർ | 01.04.2018 മുതൽ 31.03.2019വരെ |
| ഫിഷറീസ് ഓഫീസർ | ശ്രീമതി. അനിത.ആർ. | 01.04.2018 മുതൽ 29.05.2018 വരെ |
| | ശ്രീമതി.മഞ്ജു.എസ്. | 30.05.2018 മുതൽ 31.03.2019വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ. ബിജു.വി.ഒ. | 01.04.2018 മുതൽ 09.06.2018വരെ |
| | ശ്രീമതി.സുസ്മിത.കെ.എസ്. | 10.06.2018 മുതൽ 31.03.2019വരെ |

## ഉള്ളടക്കം

| ക്രമ നമ്പർ | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം- 1 | |

| | | |
|---|---|---|
| | **പൊതു അവലോകനം** | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | ധനകാര്യപത്രികയിലെ അപാകതകൾ | 1-12 |
| | **ഭാഗം-2**<br>**വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 13 | വരുമാനപത്രിക ഇല്ലാതെ തൊഴിൽ നികുതി ഈടാക്കി | 2-1 |
| 14 | അപകട സാദ്ധ്യതയുള്ള കെട്ടിടത്തിൽ മാവേലി സ്റ്റോർ പ്രവർത്തിക്കാൻ അനുവദിച്ചു | 2-2 |
| 15 | ഡെയിഡേഴ്സ് ലിസ്റ്റ് കാലികമാക്കിയിട്ടില്ല | 2-3 |
| 16 | അപൂർണ്ണങ്ങളായ ഡി ആന്റ് ഓ ലൈസൻസ് അപേക്ഷകളിന്മേൽ ലൈസൻസ് അനുവദിച്ച് നൽകി | 2-4 |
| 17 | ലേല കുടിശ്ശിക ഈടാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ് | 2-5 |
| 18 | കെട്ടിട നികുതി നിർണ്ണയത്തിലെ അപാകത | 2-6 |
| | **ഭാഗം-3**<br>**ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 19 | ലോഗ് ബുക്ക് കൃത്യതയോടെ സൂക്ഷിക്കുന്നില്ല | 3-1 |
| 20 | വെള്ളക്കരം അടവാക്കൽ - പിഴപ്പലിശ ഒടുക്കേണ്ടി വന്നു | 3-2 |
| 21 | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 3-3 |
| 22 | കാർഷിക മേഖലയിൽ പദ്ധതികൾ പൂർണ്ണമായും നടപ്പിലാക്കിയില്ല | 3-4 |
| 23 | പച്ചക്കറിതൈകൾ വിതരണം ചെയ്തിട്ടില്ല- തുക തടസ്സപ്പെടുത്തുന്നു | 3-5 |
| 24 | ചന്ദിരം വയലിൽ ഓട നിർമ്മാണം - കൈമാറി കിട്ടാത്ത സ്വകാര്യ ഭൂമിയിലെ നിർമ്മാണം നിയമപരമല്ല – ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല – സത്വര നടപടികൾ കൈക്കൊള്ളണം | 3-6 |
| 25 | ചന്ദിരം വയലിൽ ഓട നിർമ്മാണം - ദുർവ്യയം ഉണ്ടായി - അധിക ചെലവും ഈടാക്കാത്ത പിഴയും തിരികെ ഈടാക്കണം | 3-7 |
| 26 | ചന്ദിരം വയലിൽ ഓട ബാലൻസ് വർക്ക് - പാഴ്ച്ചെലവിന് പുറമേ നിയമങ്ങളും പാലിച്ചിട്ടില്ല | 3-8 |
| 27 | കോട്ടപ്പുറം കുന്നുവിള റോഡ് റീടാറിംഗ്- പൊതുമരാമത്ത് മാന്വൽ പാലിച്ചില്ല- ഈടാക്കിയ പിഴയിലും കുറവ് | 3-9 |
| 28 | നിയമാനുസരണം ഉപയോഗിക്കാൻ കഴിയാത്ത വാഹനം<br>മത്സ്യ വില്പനക്കായി വാങ്ങി നൽകി | 3-10 |
| 29 | സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമായി ലാപ് ടോപ്പ് വിതരണം ചെയ്തു | 3-11 |

| | | |
|---|---|---|
| 30 | പ്രത്യേക കന്നുകുട്ടി പരിപാലനം- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല | 3-12 |
| 31 | മാർഗ്ഗരേഖയിൽ അധികരിച്ച് സബ്സിഡി നല്കി - തുക നിരാകരിക്കുന്നു | 3-13 |
| 32 | പത്താംതരം തുല്യത -എല്ലാ പഠിതാക്കളും പരീക്ഷയ്ക്ക് ഹാജരായിട്ടില്ല | 3-14 |
| 33 | അതുല്യം സാക്ഷരത പരിപാടി - ചെലവുകൾ സബ്സിഡി മാർഗരേഖ പ്രകാരമല്ല | 3-15 |
| 34 | മരുന്ന് വാങ്ങൽ പ്രോജക്ട് - മുഴുവൻ തുകക്കുമുള്ള മരുന്ന് ലഭ്യമായിട്ടില്ല | 3-16 |
| 35 | പാലിയേറ്റീവ് കെയർ പദ്ധതി - മാർഗ്ഗരേഖകൾ പാലിക്കണം | 3-17 |
| 36 | ആർദ്രം പദ്ധതി - ടോക്കൺ സിസ്റ്റം സ്ഥാപിച്ചില്ല | 3-18 |
| 37 | മൂന്ന് വർഷം കഴിഞ്ഞിട്ടും ട്രൈ സ്കൂട്ടർ വിതരണം നടത്തിയില്ല | 3-19 |
| 38 | ലൈഫ് ഭവനപദ്ധതി ജനറൽ (S0072/19) –ആദ്യ ഗഡു കൈപ്പറ്റിയതിനുശേഷം തുടർപ്രവൃത്തികൾ നടത്തുന്നില്ല | 3-20 |
| 39 | വീട് വാസയോഗ്യമാക്കൽ പ്രവൃത്തിയിൽ വീട് മോടിപിടിപ്പിക്കുന്നതിനുള്ള ഇനങ്ങൾ കൂടി ഉൾപ്പെടുത്തി | 3-21 |
| 40 | പ്ലാസ്റ്റിക് മാലിന്യ പരിപാലന പ്രോജക്ട് നടപ്പിലാക്കിയില്ല | 3-22 |
| 41 | ഇ.എം.എസ് ഭവനപദ്ധതി അക്കൗണ്ടിൽ 641430/- രൂപയുടെ നീക്കിയിരിപ്പ് | 3-23 |
| | ഭാഗം-4<br>**പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 42 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 43 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 44 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 45 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 46 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 47 | ഓഡിറ്റ് റിക്കവറി | 4-6 |
| 48 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 49 | ചാർജ്/ സർചാർജ് നടപടികളുടെ വിവരം | 4-8 |
| 50 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 51 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |


# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 സാമ്പത്തിക വർഷത്തെ ബജറ്റ് 26.03.2018 ൽ തീരുമാനം I(1) പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെ പ്രതീക്ഷിത വരവ് 21,14,89,290.37/- രൂപയും പ്രതീക്ഷിത ചെലവ് 19,52,92,260/- രൂപയും നീക്കിയിരിപ്പ് 1,61,97,030.37/- രൂപയുമായിരുന്നു. എന്നാൽ റസീപ്റ്റ് ആന്റ് പേമെന്റ് പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെയുള്ള വരവ് 10,73,74,989.87/-രൂപയും ചെലവ് 9,19,76,904/- രൂപയും നീക്കിയിരിപ്പ് 1,53,98,085.8/- രൂപയുമാണ്.

14.02.2019 ലെ തീരുമാന നമ്പർ 2(1) പ്രകാരം ബജറ്റ് പുതുക്കിയിട്ടുണ്ട്. പുതുക്കിയ ബജറ്റ് പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെ പ്രതീക്ഷിത വരവ് 27,42,93,506/- രൂപയും പ്രതീക്ഷിത ചെലവ് 25,87,67,674/- രൂപയും നീക്കിയിരിപ്പ് 1,55,25,832/- രൂപയുമാണ്.

# 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 30.04.2019 | - | - |

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

പ്രത്യേകമായി പുറപ്പെടുവിച്ചിട്ടുണ്ട്.

# 1-4 സാമ്പത്തിക വിശകലനം

2018-19സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ റസീപ്റ്റ് & പെയ്മെന്റ് കണക്കുകളെ അടിസ്ഥാനമാക്കിയുള്ള സാമ്പത്തിക വിശകലനമാണ് ചുവടെ ചേർത്തിരിക്കുന്നത്.

| | |
|---|---|
| മുന്നിരിപ്പ് | 8486974.87 |
| വരവ് | 98888015.00 |
| ആകെ | 107374989.87 |
| ചെലവ് | 91976904.00 |
| നീക്കിയിരുപ്പ് | 15398085.87 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | 0 | 22830499.00 | 22830499.00 | 22830499.00 | 0 |
| വികസന ഫണ്ട് എസ്.സി.പി. | 0 | 11243408.00 | 11243408.00 | 11243408.00 | 0 |
| മെ.ഫ. റോഡ് | 0 | 6626075.00 | 6626075.00 | 6626075.00 | 0 |
| മെ.ഫ റോഡിതരം | 0 | 4238455.00 | 4238455.00 | 4238455.00 | 0 |
| സി.എഫ്.സി | 0 | 7656038.00 | 7656038.00 | 7656038.00 | 0 |
| ബി.ഫണ്ട് | 0 | 583080.00 | 583080.00 | 583080.00 | 0 |
| ടി.എസ്.ബി- തനത് ഫണ്ട് | 1751626.00 | 23260469.00 | 25012095.00 | 17259068.00 | 7753027.00 |
| ഐ.ഒ.ബി എം.എൻ.ആർ.ഇ. ജി. എസ്. | 12408.75 | 926952.00 | 939360.75 | 929589.00 | 9771.75 |
| എസ്.ബി.റ്റി എസ്.എസ്.എ | 660349.00 | 23418.00 | 683767.00 | 0 | 683767.00 |
| സാക്ഷരത-ഡിസിബി | 275.00 | 0 | 275.00 | 0 | 275.00 |
| കാനറ തനത് ഫണ്ട് | 5630060.00 | 21347987.00 | 26978047.00 | 20609936.00 | 6368111.00 |
| ഡിസിബി തനത് ഫണ്ട് | 380367.12 | 15367.00 | 395734.12 | 0 | 395734.12 |
| എസ്.ബി.ഐ. ഇ പേമെന്റ് | 51889.00 | 85821.00 | 137710.00 | 756.00 | 136954.00 |
| ക്യാഷ് | 0 | 50446.00 | 50446.00 | 0 | 50446.00 |

# 1-6 പദ്ധതി അവലോകനം

*2018-19 സാമ്പത്തിക വർഷത്തെ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പിലാക്കിയതിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.*

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയവയുടെ എണ്ണം | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 8 | 4882450 | 6 | 1616020 | 2 | 0 | 75 |
| 2 | വെറ്റിനറി സർജൻ | 7 | 2506152 | 7 | 1306839 | 0 | 0 | 100 |
| 3 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 7 | 1644753 | 7 | 1600329 | 0 | 0 | 100 |
| 4 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 3 | 180000 | 3 | 176737 | 0 | 0 | 100 |
| 5 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 2 | 590000 | 2 | 579022 | 0 | 0 | 100 |
| 6 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 3 | 675000 | 3 | 672980 | 0 | 0 | 100 |
| 7 | വി.ഇ.ഒ -1 | 14 | 34361500 | 4 | 19833890 | 7 | 3 | 29 |
| 8 | വി.ഇ.ഒ -2 | 1 | 500000 | 1 | 0 | 0 | 0 | 100 |
| 9 | ഐ.സി.ഡി.എസ്. | 10 | 5605093 | 9 | 5186110 | 0 | 1 | 90 |
| 10 | സെക്രട്ടറി | 17 | 10702257 | 15 | 9374979 | 0 | 2 | 88 |
| 11 | അസി.എഞ്ചിനീയർ | 103 | 50144054 | 49 | 17911363 | 3 | 51 | 48 |
| 12 | ഹെഡ്മാസ്റ്റർ | 12 | 4784815 | 11 | 4530112 | 0 | 1 | 92 |
| 13 | ഡയറിഫാം ഇൻസ്പെക്ടർ | 7 | 4538000 | 5 | 4154000 | 2 | 0 | 71 |
| 13 | അസി.സെക്രട്ടറി | 5 | 1831300 | 5 | 1764060 | 0 | 0 | 100 |
| | **ആകെ** | **199** | **122945374** | **121** | **68706441** | **20** | **58** | **61** |

# 1-7 തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതി - വിശദാംശം

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 12408.75 | 768952.00 | 781360.75 | 771589.00 | 9771.75 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 43103703.00 | 43103703.00 | 43103703.00 | 0 |
| ആകെ | 12408.75 | 43872655.00 | 43885063.75 | 43875292.00 | 9771.75 |

# 1-8 ക്ഷേമപദ്ധതികൾ

2018-19 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശം

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 493080 | 272 |
| കർഷകതൊഴിലാളി പെൻഷൻ | 673200 | 54 |
| വിധവാ പെൻഷൻ | 18986000 | 1650 |
| വാർദ്ധക്യകാല പെൻഷൻ | 32738600 | 2796 |
| വികലാംഗ പെൻഷൻ | 5173600 | 438 |
| വിവാഹ ധനസഹായം | 90000 | 3 |
| അവിവാഹിതരായ 50 വയസിന് മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 843900 | 70 |

# 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.05.19, 10.15 AM ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഇല്ല എന്ന് ബോധ്യപ്പെട്ടിട്ടുണ്ട്.

# 1-10 ആഭ്യന്തര നിയന്ത്രണം

**1-10-1 ഫ്രണ്ട് ഓഫീസ് പ്രവർത്തനം അവലോകനം**

സ്വീകരിക്കുന്ന തപാലുകൾക്ക് രസീത് നൽകി രജിസ്ട്രേഷൻ - വിതരണ രജിസ്റ്ററിൽ ചേർത്ത് അന്നേ ദിവസം തന്നെ സെക്ഷനുകൾക്ക് നൽകി അക്നോളജ്മെന്റ് വാങ്ങുന്നുണ്ട്. ഫ്രണ്ട് ഓഫീസ് ഡയറി എഴുതി സൂക്ഷിച്ചിട്ടുണ്ട്. സേവനം സ്വീകരിക്കുന്നതിനായി ഹാജരാകുമ്പോൾ ഒപ്പ് വാങ്ങി സേവനം നൽകുകയും കൈപ്പറ്റ് രസീത് റദ്ദാക്കുകയും ചെയ്യുന്നുണ്ട്. കൈപ്പറ്റാത്ത സേവനങ്ങൾ തപാൽ മാർഗ്ഗം അയച്ചു കൊടുത്തിട്ടുണ്ട്. അനുബന്ധം 4 പ്രകാരമുള്ള മെസ്സേജ് ബുക്ക് പരിപാലിച്ചിട്ടില്ല. അനുബന്ധം 5 മാതൃകയിലുള്ള ഫോറ വിതരണ രജിസ്റ്റർ എഴുതി പരിപാലിച്ചിട്ടില്ല. ടോക്കൺ സമ്പ്രദായം ഏർപ്പെടുത്തിയിട്ടില്ല.

**1-10-2 വിവരാവകാശനിയമം - നിർദ്ദിഷ്ട മാതൃകയിൽ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല**

വിവരാവകാശ നിയമം 2005 പ്രകാരം പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ പരിപാലിക്കേണ്ട അനുബന്ധം 2 പ്രകാരമുള്ള രജിസ്റ്റർ നാളിതുവരെ ഗ്രാമപഞ്ചായത്തിൽ എഴുതി സൂക്ഷിച്ചിട്ടില്ല. പ്രസ്തുത രജിസ്റ്റർ വരും വർഷങ്ങളിൽ എഴുതി സൂക്ഷിക്കേണ്ടതാണ്.

**1-10-3 ബജറ്റ് മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല**

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പ് പ്രകാരം സർക്കാർ അതത് സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും ചട്ടങ്ങളും പ്രകാരം ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടിക്രമങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വിവരണം | നടപടിക്രമം | ഗ്രാമപഞ്ചായത്തിന്റെ നടപടി |
|---|---|---|---|
| 1 | നോൺ-പ്ലാൻ വരവ്-ചെലവുകളുടെ കരട് പ്രൊപ്പോസൽ ആവശ്യപ്പെടൽ | ഡിംസബർ 15, 2017 ന് മുൻപ് | 20-02-2018 |
| 2 | നോൺ-പ്ലാൻ വരവ് ചെലവുകളുടെ കരട് പ്രൊപ്പോസൽ ഘടക സ്ഥാപനങ്ങൾ സമർപ്പിക്കൽ | ജനവരി 15 ന് മുൻപ് | 20-02-2018 |
| 3 | ക്രോഡീകരണത്തിനായി വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികൾ ചേരൽ | ജനവരി 25 ന് മുൻപ് | സ്റ്റാൻഡിംഗ് കമ്മിറ്റി യോഗം ചേർന്നിട്ടില്ല |

| | | | |
|---|---|---|---|
| 4 | ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ പ്രൊപ്പോസൽ വയ്ക്കലും ക്രോഡീകരണവും | ഫെബ്രുവരി 1 ന് മുൻപ് | 23-03-2018 |
| 5 | കരട് ബജറ്റ് ചർച്ച ചെയ്യുന്നതിന് പ്രത്യേക പഞ്ചായത്ത് കമ്മിറ്റി ചേരൽ | മാർച്ച് 7 ന് മുൻപ് | യോഗം ചേർന്നിട്ടില്ല |
| 6 | അന്തിമ ബജറ്റ് അംഗീകാരത്തിനായി പ്രത്യേക പഞ്ചായത്ത് കമ്മിറ്റി ചേരൽ | മാർച്ച് 31 ന് മുൻപ് | 26-03-18 |

2017-18 സാമ്പത്തിക വർഷത്തിലെ ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട ഫയൽ അപൂർണ്ണമാണ്.

**1-10-4ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടപടിക്രമങ്ങളിലെ വീഴ്ച**

വ്യക്തികൾക്കോ, ഗ്രൂപ്പ് സംരംഭങ്ങളിലെ വ്യക്തികൾ ഉൾപ്പെടെയുള്ള കുടുംബങ്ങൾക്കോ ആനുകൂല്യം നൽകുന്നതിന് വേണ്ടിയുള്ള പ്രോജക്ടുകളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് 2018-19 സാമ്പത്തിക വർഷം സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളിൻമേൽ (സ.ഉ(എം.എസ്.80/2017/ത.സ്വ.ഭ.വ,തീ.3.4.2017) ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടിക്രമങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സർക്കാർ മാർഗനിർദ്ദേശം | ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടിക്രമം |
|---|---|---|
| 1 | വ്യാപകമായ പ്രചരണം നൽകി ആവശ്യമുള്ള മുഴുവൻ പേർക്കും അപേക്ഷ നൽകാനുള്ള അവസാന തീയതിയും, സമയവും നിശ്ചയിക്കൽ | പ്രചാരണം നൽകിയതിന്റെ രേഖകൾ ലഭ്യമാക്കിയില്ല |
| 2 | അപേക്ഷ സ്വീകരിച്ച ശേഷം അർഹതാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അനർഹരെ ഒഴിവാക്കി അർഹരുടെ കരട് ലിസ്റ്റ് വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കണം | തയ്യാറാക്കിയിട്ടില്ല |
| 3 | അർഹരായവരിൽ നിന്നും മുൻഗണനാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നല്കി അർഹരായ മുഴുവൻപേരെയും ഉൾപ്പെടുത്തി കരട് മുൻഗണനാലിസ്റ്റ് തയ്യാറാക്കണം | നടപടിക്രമം പാലിച്ചിട്ടില്ല |
| 4 | ഫീൽഡ് ലെവൽ പരിശോധന നടത്തി രണ്ട് ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തണം. | സാക്ഷ്യപ്പെടുത്തിയിട്ടില്ല (എഴാം വാർഡിലെ വ്യക്തിഗത ആനുകൂല്യ അപേക്ഷകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ) |
| 5 | പരിശോധനയുടേയും സാക്ഷ്യപ്പെടുത്തലിന്റെയും അടിസ്ഥാനത്തിൽ കരട് മുൻഗണനാലിസ്റ്റ് പുതുക്കി തയ്യാറാക്കണം | തയ്യാറാക്കിയിട്ടുണ്ട്. |
| 6 | കരട് മുൻഗണനാലിസ്റ്റ് അപേക്ഷകൾസഹിതം ഗ്രാമസഭയിൽ അവതരിപ്പിച്ച് അന്തിമ ലിസ്റ്റ് തയ്യാറാക്കി മിനിട്സ് രേഖപ്പെടുത്തണം | തയ്യാറാക്കിയിട്ടുണ്ട് |
| 7 | ഗ്രാമസഭ മിനിട്സിൽ രേഖപ്പെടുത്തിയ ലിസ്റ്റ് ഭരണസമിതി അംഗീകരിച്ചു നൽകണം | അംഗീകരിച്ചിട്ടുണ്ട്. |
| 8 | ഗുണഭോക്തൃ ലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കണം | പ്രസിദ്ധീകരിച്ചിട്ടുണ്ട് |

ഗുണഭോക്തൃ വിഹിതം ഒടുക്കുന്നതിൽ വിമുഖത കാണിക്കുന്നതിനാൽ പ്രോജക്ടിന്റെ നിർവ്വഹണഘട്ടത്തിൽ ആനുകൂല്യവിതരണം നടത്താൻ സാധിക്കാതെയും പ്രോജക്ട് ലക്ഷ്യം കൈവരിക്കാതിരിക്കുകയും ഇക്കാരണത്താൽ തന്നെ മുൻഗണനാക്രമം പാലിക്കാൻ സാധിക്കാതെ വരികയും ചെയ്യുന്നു. ഉദാഹരണമായി ഡയറി ഫാം ഇൻസ്ട്രക്ടർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ കന്നുകുട്ടി വിതരണം (വനിത) പ്രോജക്ടിൽ അനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ ലിസ്റ്റിലെ ക്രമനമ്പർ 5, 18, 27, 70, 55, 31 എന്നിങ്ങനെയാണ്. ആവശ്യമായ പ്രചാരണം നടത്തി ഗുണഭോക്തൃ വിഹിതം ഒടുക്കാൻ സന്നദ്ധരായ ഗുണഭോക്താക്കളെ കണ്ടെത്തി ലിസ്റ്റ് തയ്യാറാക്കുന്നതിലെ വീഴ്ചയാണ് ഇപ്രകാരം സംഭവിക്കാനിടയായത്. വികസന കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെയും ഭരണ സമിതിയുടെയും ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.05.2019 | 01.01.2019 – 31.03.2019 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.07.2012 മുതൽ 02.08.2012 വരെ | 2007-08 മുതൽ 2011-12 വരെ | 19.09.2012 |

# 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

2018-19സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1) കുടിശ്ശികയിനത്തിലെ നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല.

| ഇനം | 2017-18 B15 പ്രകാരം കുടിശ്ശിക (1) | 18-19 വരവ് (RP43) (2) | 18-19 കുടിശ്ശിക (1) - (2) | 18-19 B15 പ്രകാരം കുടിശ്ശിക |
|---|---|---|---|---|
| വസ്തുനികുതി (റസിഡൻഷ്യൽ) | 476354 | 561608 | -85254 | 254109 |
| വസ്തുനികുതി (നോൺ റസിഡൻഷ്യൽ) | 2598056 | 347132 | 2250924 | 1480308 |
| സർവീസ് സെസ്സ് (റസിഡൻഷ്യൽ) | 67203 | 41489 | 25714 | 30836 |
| സർവീസ് സെസ്സ് (നോൺ റസിഡൻഷ്യൽ) | 213229 | 30542 | 182687 | 127584 |

2) ഗ്രാന്റ്, ഫണ്ട്, കോൺട്രിബ്യൂഷൻ - മറ്റ് ഗ്രാന്റുകൾ എന്ന ഇനത്തിൽ ചെലവഴിക്കാതെ ശേഷിക്കുന്ന 276559/- രൂപയുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

3) ഡി.സി.ബി സ്റ്റേറ്റ്മെന്റ് , എ.എഫ്.എസ് എന്നിവയിൽ ചുവടെ പറയും പ്രകാരം വ്യത്യാസമുണ്ട്.

| ഇനം | എ.എഫ്.എസ് പ്രകാരം ഡിമാന്റ് | ഡി.സി.ബി സ്റ്റേറ്റ്മെന്റ് പ്രകാരം ഡിമാന്റ് |
|---|---|---|
| വസ്തു നികുതി (റസിഡൻഷ്യൽ) കുടിശ്ശിക | 476354 | 803616 |
| വസ്തു നികുതി (നോൺ റസിഡൻഷ്യൽ) കുടിശ്ശിക | 2598056 | 1756950 |
| വസ്തുനികുതി (സർവീസ് സെസ്സ് ) (റസിഡൻഷ്യൽ) കുടിശ്ശിക | 67203 | 72325 |
| [illegible] | [illegible] | [illegible] |

| | | |
|---|---|---|
| വസ്തുനികുതി (സർവ്വീസ് സെസ്സ് ) (നോൺ റസിഡൻഷ്യൽ) കുടിശ്ശിക | 213229 | 158126 |

4) B2 ഷെഡ്യൂളിൽ "ഡെവലപ്പ്മെന്റ് ഫണ്ട് ഫോർ ട്രാൻസ്ഫർ അതർ എൽ.എസ്.ജി' ഇനത്തിൽ 23,00,000/- രൂപ നിലനിൽക്കുന്നു. മരാമത്ത് പ്രവൃത്തിക്കായി ലഭിച്ച ജില്ല പഞ്ചായത്ത് വിഹിതം അസിസ്റ്റന്റ് എഞ്ചിനീയർക്ക് കൈമാറിയെങ്കിലും ബാലൻസ്ഷീറ്റിൽ നീക്കിയിരിപ്പായി കാണിച്ചിരിക്കുന്നു.

5) സംയുക്ത പ്രോജക്ടുകൾക്കായി പ്രത്യേക അക്കൗണ്ട് ആരംഭിച്ചിട്ടില്ല. ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ തൻവർഷം ലഭിച്ച തുകയിൽ 21,59,080/- രൂപ ട്രഷറി ടി.എസ്.ബി അക്കൗണ്ടിലും 4,20,000/- രൂപ കാനറബാങ്ക് അക്കൗണ്ടിലുമാണ് വരവ് വച്ചിട്ടുള്ളത്. ജില്ലാപഞ്ചായത്ത് വിഹിതമിനത്തിൽ 13,08,374/- രൂപ ട്രഷറി ടി.എസ്.ബി അക്കൗണ്ടിലും 3,35,752/- രൂപ കാനറബാങ്ക് അക്കൗണ്ടിലുമാണ് വരവ് വച്ചിട്ടുള്ളത്.

6)B 11 പ്രകാരം വാട്ടർ വേയ്സ്, പബ്ലിക്ക് ലൈറ്റിംഗ് എന്നിവയ്ക്ക് ഡിപ്രീസിയേഷൻ നൽകിയിട്ടില്ല.

# ഭാഗം -2

# വരവു കണക്കുകളിൻമേല്ലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വരുമാനപത്രിക ഇല്ലാതെ തൊഴിൽ നികുതി ഈടാക്കി

1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ ചട്ടം (2) പ്രകാരം ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന എല്ലാ തൊഴിൽ ഉടമകളും/ ഓഫീസ് തലവൻമാരും ഫോറം നമ്പർ 2 ൽ സ്ഥാപനത്തിൽ ജോലിചെയ്യുന്ന എല്ലാ ജീവനക്കാരുടെയും വരുമാനം സംബന്ധിച്ച സ്റ്റേറ്റ്മെന്റ് സെക്രട്ടറിക്ക് നൽകേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ചിറയിൻകീഴ് പോലീസ് സ്റ്റേഷനിൽ നിന്നും 2018-19 വർഷം ഒന്നാം അർദ്ധവർഷത്തിൽ 38,250/- രൂപയും രണ്ടാം അർദ്ധ വർഷത്തിൽ 35,000/- രൂപയും പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്കു വന്നിട്ടുണ്ട്. സ്പാർക്ക് സോഫ്റ്റ് വെയറിൽ നിന്നും തുക ഈടാക്കി ട്രഷറി അക്കൗണ്ടിൽ നിന്നും പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുകയാണുണ്ടായത്. എന്നാൽ ജീവനക്കാരുടെ എണ്ണം, വേതനത്തിന്റെ വിശദാംശം എന്നിവ ഉൾക്കൊള്ളുന്ന സ്റ്റേറ്റ്മെന്റ് ഓഫീസ് തലവൻ നാളിതുവരെ സമർപ്പിച്ചിട്ടില്ല. ഇക്കാരണത്താൽ എല്ലാ ജീവനക്കാരുടെയും തൊഴിൽ നികുതി ഒടുക്കു വന്നിട്ടുണ്ടെന്ന് ഉറപ്പു വരുത്താനായില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 15/24-05-2019) മേൽ പറഞ്ഞ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഫീസ് മേധാവിക്ക് കത്ത് നൽകിയിട്ടുണ്ടെന്നും ആയത് ലഭിക്കുന്ന മുറയ്ക്ക് ഓഡിറ്റിന് ഹാജരാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ സത്വര ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

## 2-2 അപകട സാദ്ധ്യതയുള്ള കെട്ടിടത്തിൽ മാവേലി സ്റ്റോർ പ്രവർത്തിക്കാൻ അനുവദിച്ചു

ഗ്രാമപഞ്ചായത്തിലെ പാർവ്വതീപുരം ഷോപ്പിംഗ് കോംപ്ലക്സിന്റെ കോൺക്രീറ്റ് പാളികൾ അടർന്ന് വീണുകൊണ്ടിരിക്കുന്നുവെന്നും കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തിയില്ലെങ്കിൽ അപകട സാദ്ധ്യതയുണ്ടെന്നുമുള്ള ഇന്റലിജൻസ് റിപ്പോർട്ട് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ കെട്ടിടം മുഖേനയുള്ള അപകട സാദ്ധ്യത ഒഴിവാക്കാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കണമെന്ന് തിരുവനന്തപുരം ജില്ലാ ഡെപ്യൂട്ടി കളക്ടർ 08-11-2017 ലെ ഡി.സി.റ്റി.എം/100975/2017-എച്ച്5 നമ്പർ കത്ത് പ്രകാരം സെക്രട്ടറിയോട് നിർദ്ദേശിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ കെട്ടിടം പൊളിച്ചു നീക്കുന്നതിലേക്കായി കെട്ടിടത്തിന്റെ കാലപ്പഴക്കം സംബന്ധിച്ച വിവരങ്ങൾ നൽകണമെന്ന് കാണിച്ച് എൽ.എസ്.ജി.ഡി അസി.എഞ്ചിനീയർക്ക് സെക്രട്ടറി നിർദ്ദേശം നൽകി (10-04-2018 ലെ എ3-1050/18 നം കത്ത്). ബന്ധപ്പെട്ട ഫയലിൽ, കെട്ടിടത്തിന് 40 വർഷത്തെ പഴക്കമുണ്ടെന്നും സെക്രട്ടറി രേഖപ്പെടുത്തിയിട്ടുണ്ട്. 10-01-2019 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 11(2) നമ്പർ തീരുമാനത്തിലും കെട്ടിടം ജീർണ്ണാവസ്ഥയിലായതിനാൽ പൊതുജനങ്ങളുടെ ജീവന് ഭീഷണിയാണെന്നും ആയതിനാൽ കെട്ടിടം പൊളിച്ചുമാറ്റണമെന്നും വിലയിരുത്തിയിട്ടുണ്ട്. 08-11-2017 ൽ കെട്ടിടത്തിന്റെ അപകടാവസ്ഥ ഒഴിവാക്കുന്നത് സംബന്ധിച്ച് ജില്ലാ ഡെപ്യൂട്ടി കളക്ടറുടെ അറിയിപ്പ് ലഭിക്കുകയും, 10-04-2018 ൽ തന്നെ കെട്ടിടം പൊളിച്ചുനീക്കാനുള്ള പ്രാരംഭനടപടികൾ ഗ്രാമപഞ്ചായത്ത് ആരംഭിക്കുകയും ചെയ്തിട്ടും 2018-19 സാമ്പത്തിക വർഷം ടി കെട്ടിടത്തിൽ മാവേലി സ്റ്റോർ 2019 മാർച്ച് 31 വരെ പ്രവർത്തിക്കുകയും ആയതിന്റെ വാടക ഇനത്തിൽ 30528 രൂപ

പിരിക്കുകയും ചെയ്തു. ഇതിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 17/24-05-2019) പഞ്ചായത്തിൽ അനുയോജ്യമായ മറ്റൊരു സ്ഥലം ലഭ്യമാക്കുവാനും ആയത് ഫർണിഷ് ചെയ്യുവാനും കാലതാമസം ഉണ്ടാകാൻ സാദ്ധ്യതയുള്ളതിനാലാണ് അടിയന്തിരമായി മാറ്റി സ്ഥാപിക്കാതിരുന്നതെന്ന് സെക്രട്ടറി വിശദീകരിച്ചു. നിലവിൽ ഷോപ്പിംഗ് കോംപ്ലക്സ് പൂർണ്ണമായും മാറ്റിയിട്ടുണ്ടെന്നും സെക്രട്ടറിയുടെ മറുപടിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അപകടാവസ്ഥയിലുള്ള കെട്ടിടത്തിൽ നിന്നും മാവേലി സ്റ്റോർ മാറ്റി സ്ഥാപിക്കാൻ സത്വര നടപടികൾ സ്വീരിക്കാതിരുന്നത് ഭരണസമതിയുടെയും ഗ്രാമപഞ്ചായത്തിന്റെയും ഭാഗത്തു നിന്നുള്ള വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

# 2-3 ട്രെയിഡേഴ്സ് ലിസ്റ്റ് കാലികമാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിൽ ആകെയുള്ള 19 വാർഡുകളിൽനിന്നും 10 വാർഡുകളിലെ 2017-18, 2018-19 ടെയിഡേഴ്സ് ലിസ്റ്റുകൾ തെരഞ്ഞെടുത്ത് താരതമ്യപ്പെടുത്തി പരിശോധിച്ചതിൽ 2017-18 ഡി ആന്റ് ഓ ലൈസൻസെടുത്തിട്ടുള്ള ചുവടെപ്പറയുന്ന സ്ഥാപനങ്ങൾ 2018-19 വർഷം പുതുക്കിയിട്ടില്ലെന്ന് കാണുന്നു.

| ക്രമ നമ്പർ | വാർഡ് നമ്പർ, കെട്ടിട നമ്പർ | കട ഉടമയുടെ പേര് | സ്ഥാപനത്തിന്റെ പേര് |
|---|---|---|---|
| 1 | II/292 | ശ്രീ.എ.സലിം, അജ്മി മഹൽ | കശുവണ്ടി ഫാക്ടറി |
| 2 | II/255 A | ശ്രീ.ഷൈൻ രാജ്, ഗുരുകൃപ | രേഖപ്പെടുത്തിയിട്ടില്ല |
| 3 | III/ 160 | ശ്രീ.കെ.കെ.രാജൻ | പ്രോവിഷൻ സ്റ്റോർ |
| 4 | IV/476 | ശ്രീ.ഷാബു.കെ | സിമന്റ് വിൽപ്പന |
| 5 | V/36 | ശ്രീ.അനിൽകുമാർ | ചാമ്പ്യൻസ് മെഡിക്കൽസ് |
| 6 | V/785 G | ശ്രീ.പി.ഹരിദാസ് | ഫാൻസി ഷോപ്പ് |
| 7 | V/884 | ശ്രീ.ബിജി | മർക്കസ് അസോസിയേറ്റ്സ് |
| 8 | V/320 | ശ്രീ.അനൂപ് ടി ദരൺ | മുന്ന ഫാൻസി |
| 9 | VIII/469 A | ശ്രീ.എം.സുധി | എം.എസ്. സ്റ്റോർ ആന്റ് സ്റ്റേഷനറി |
| 10 | VIII.372 E | ശ്രീമതി.എ.സരീന | സ്റ്റിച്ചിംഗ് ഷോപ്പ് |
| 11 | VIII/404 | ശ്രീ.രാജീവ് | ഷാഷൻ സലൂൺ |
| 12 | VIII/87 | ശ്രീമതി.ഷീബ | കല്യാണി ട്രേഡേഴ്സ് |
| 13 | IX/* | ശ്രീ.ഇന്ദുചൂഡൻ | ദിവ്യ ട്രേഡേഴ്സ് |
| 14 | IX | ശ്രീമതി മേരി ആൻ അലോഷ്യസ് | ബേക്കറി |
| 15 | IX | ശ്രീമതി.സുഷമ | ശാന്തി സ്റ്റോഴ്സ് |
| 16 | X | ശ്രീ.എം.സമീർ | റോയൽ സലൂൺ |
| 17 | X | ശ്രീമതി.മാജിദാബീവി | സാനിട്ടറി |
| 18 | X | ശ്രീ.എ.റിയാദ് | - |
| 19 | XII | ഡോ.വിജയകുമാരൻ നായർ | മെഡിക്കൽ സ്റ്റോർ |
| 20 | XII/541 I | ശ്രീ.സലിം | ശാലിനി സ്റ്റോർ |
| 21 | XII/86 | ശ്രീ.നൗഫൽ ഇദാക്ക് | പ്രൊവിഷൻ സ്റ്റോർ |
| 22 | XII/624 A | ശ്രീ.മണികണ്ഠൻ നായർ | സൂപ്പർമാർക്കറ്റ് |

* ട്രേഡേഴ്സ് ലിസ്റ്റിൽ കെട്ടിട നമ്പർ ഉൾപ്പെടുത്തിയിട്ടില്ല.

പ്രസ്തുത സ്ഥാപനങ്ങൾ നിലവിൽ പ്രവർത്തിക്കുന്നുണ്ടോയെന്നും ഡിമാന്റിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടെങ്കിൽ ആയതിന് കേരള പഞ്ചായത്ത് രാജ് വസൂലാക്കാൻ സാധിക്കാത്ത നികുതികൾ എഴുതിതള്ളൽ ചട്ടങ്ങളിലെ നിബന്ധകൾ അനുസരിച്ച് തന്നെയാണോ ഒഴിവാക്കിയതെന്നും സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകി (നമ്പർ 04/21-05-2019). ഇതിന് സെക്രട്ടറി നൽകിയ മറുപടിയിൽ മേൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോയെന്ന വിവരം ഫീൽഡ് തല അന്വേഷണം നടത്തി റിപ്പോർട്ട് സഹിതം ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി മുൻപാകെ സമർപ്പിച്ച് പ്രവർത്തിക്കാത്ത സ്ഥാപനങ്ങൾ ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് വിശദീകരിക്കുന്നു.

ഗ്രാമപഞ്ചായത്തിൽ പ്രസ്തുത സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോയെന്നത് സംബന്ധിച്ച വ്യക്തതയില്ലാത്തത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ഭാഗത്തു നിന്നുള്ള വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. പ്രസ്തുത സ്ഥാപനങ്ങൾ നിലവിൽ പ്രവർത്തിക്കുന്നെങ്കിൽ പിഴപ്പലിശ ഈടാക്കി ലൈസൻസ് പുതുക്കി നൽകാനും ലൈസൻസ് എടുക്കാത്ത പക്ഷം സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകാനുമുള്ള സത്വര നടപടി ഭരണസമിതി സ്വീകരിക്കേണ്ടതാണ്.

# 2-4 അപൂർണ്ണങ്ങളായ ഡി ആന്റ് ഒ ലൈസൻസ് അപേക്ഷകളിന്മേൽ ലൈസൻസ് അനുവദിച്ച് നൽകി

2017-18 വർഷം ഡി ആന്റ് ഒ ലൈസൻസ് അനുവദിച്ച് നൽകിയ ചുവടെപ്പറയുന്ന അപേക്ഷകൾ അപൂർണ്ണങ്ങളാണ്. തൻവർഷം ലൈസൻസ് അനുവദിച്ച് നൽകിയ അപേക്ഷകളിൽ 75 എണ്ണം തെരഞ്ഞെടുത്ത് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ് നമ്പർ | കടയുടമയുടെ പേര് | സ്ഥാപനത്തിന്റെ പേര് | അപാകത |
|---|---|---|---|---|
| 1 | VI | ശ്രീമതി.എൻ.മല്ലിക | പലവ്യഞ്ജന വ്യാപാരം | ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണവും പ്രതിദിന വിറ്റുവരവും രേഖപ്പെടുത്തിയിട്ടില്ല |
| 2 | VII | ശ്രീമതി.വിജി മനോജ് | ഡ്രസ് മേക്കിംഗ് യൂണിറ്റ് | ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണവും പ്രതിദിന വിറ്റുവരവും രേഖപ്പെടുത്തിയിട്ടില്ല |
| 3 | VII | ശ്രീ.ബി.രഞ്ചു | പെയിന്റ്/ഹാർഡ് വെയർ വ്യാപാരം | പ്രതിദിന വിറ്റ് വരവ് രേഖപ്പെടുത്തിയിട്ടില്ല |
| 4 | V | ശ്രീ.സുഗേഷ് സുരേന്ദ്രൻ | മൊബൈൽ സെയിൽസ് ആന്റ് സർവ്വീസ് | പ്രതിദിന വിറ്റ് വരവ് രേഖപ്പെടുത്തിയിട്ടില്ല |
| 5 | IX | ശ്രീ.ആർ.ബാലാനന്ദൻ | - | അന്വേഷണ റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല |
| 6 | VI | ശ്രീ.കൃഷ്ണൻ ശശി | സ്റ്റേഷനറി | ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണവും പ്രതിദിന വിറ്റുവരവും രേഖപ്പെടുത്തിയിട്ടില്ല |
| 7 | XVI | ശ്രീ.ആർ.ഗണേശൻ | തുണിക്കട | ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണവും പ്രതിദിന വിറ്റുവരവും രേഖപ്പെടുത്തിയിട്ടില്ല |
| 8 | V | ശ്രീ.എസ്.പ്രസാദ് | ട്രാവൽ ഏജൻസി | ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണവും പ്രതിദിന വിറ്റുവരവും രേഖപ്പെടുത്തിയിട്ടില്ല |
| 9 | VI | ശ്രീ.ബാബു | ഇലക്ട്രോണിക്സ് ഷോറൂം | ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണവും പ്രതിദിന വിറ്റുവരവും രേഖപ്പെടുത്തിയിട്ടില്ല |
| 10 | XVI | ശ്രീ.ലാലുക്കുട്ടൻ | ബാർബർ ഷോപ്പ് | ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണവും പ്രതിദിന |

| | | | | |
|---|---|---|---|---|
| | | | | വിറ്റുവരവും രേഖപ്പെടുത്തിയിട്ടില്ല |
| 11 | VI | ശ്രീ.പാലസി കൊച്ചുമോനി | പലവ്യഞ്ജനവ്യാപാരം | പ്രതിദിന വിറ്റ് വരവ് രേഖപ്പെടുത്തിയിട്ടില്ല |
| 12 | V | ശ്രീ.കെ.ബൈഷി | ഫാൻസി/ഫുട് വെയർ | ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണവും പ്രതിദിന വിറ്റുവരവും രേഖപ്പെടുത്തിയിട്ടില്ല |
| 13 | V | ശ്രീമതി.ഒ.എസ്.ബിന്ദു | സ്റ്റേഷനറി വ്യാപാരം | ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണവും പ്രതിദിന വിറ്റുവരവും രേഖപ്പെടുത്തിയിട്ടില്ല |

ജോലി ചെയ്യുന്ന തൊഴിലാളികളുടെ എണ്ണം, പ്രതിദിന വിറ്റ് വരവ് എന്നിവ രേഖപ്പെടുത്താതെ എപ്രകാരം നികുതി നിർണ്ണയം നടത്തി എന്നത് വ്യക്തമല്ല. അന്വേഷണ റിപ്പോർട്ടിലും ഇത് സംബന്ധിച്ച് വ്യക്തതയില്ല. മേൽ അപാകതകളിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 06/22-05-19) വരും വർഷങ്ങളിൽ ലൈസൻസ് അപേക്ഷകൾ പൂർണ്ണമായ വിവരങ്ങൾ ഉൾപ്പെടുത്തി വാങ്ങുന്നതിനും അപാകതകൾ ഉണ്ടോ എന്ന വിവരം സൂക്ഷ്മമായി പരിശോധിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി നൽകി. സദ്ഭരണം വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലയുള്ള ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

# 2-5 ലേല കുടിശ്ശിക ഈടാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്

2017-18വർഷം വിവിധ ഇനങ്ങളിലായി ലേലം അംഗീകരിച്ച് നൽകിയതിൽ 10,88,699/- രൂപ കുടിശ്ശികയുണ്ട്. ഇത് സംബന്ധിച്ച പരാമർശം 2017-18 വർഷ റിപ്പോർട്ടിൽ 2-13 നമ്പർ ഖണ്ഡികയായി ഉൾപ്പെട്ടിട്ടുണ്ട്. ലേലം കൊണ്ട വ്യക്തി ലേലം സ്ഥിരപ്പെടുത്തികഴിഞ്ഞാൽ അറിയിപ്പ് ലഭിച്ച് 7 ദിവസത്തിനുള്ളിൽ മുഴുവൻ ലേല തുകയും ഒടുക്ക വരുത്തണമെന്നും അല്ലാത്ത പക്ഷം സോൾവൻസി ലഭ്യമാക്കണമെന്നുമുള്ള വ്യവസ്ഥ പാലിച്ചിരുന്നില്ല. സോൾവൻസി വാങ്ങാതെയും കരാർ ചമയ്ക്കാതെയുമാണ് ലേലം അനുവദിച്ച് നൽകിയത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.21/24.05.2019) മറുപടിയായി കുടിശ്ശിക വരുത്തിയവരുടെ പേർക്ക് ഓൺലൈൻ റവന്യൂ റിക്കവറി നടപടി ആരംഭിച്ചുവെന്നും എന്നാൽ സോൾവൻസി ഇല്ലാത്തതിനാൽ ഇവരുടെ പേരിലുള്ള ഭൂമി സംബന്ധമായ വിവരങ്ങൾ ഉൾപ്പെടുത്തി ഓൺലൈൻ റവന്യൂ റിക്കവറി സംബന്ധമായി തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കാത്ത സാഹചര്യമാണ് നിലവിലുള്ളതെന്നും വിശദീകരിക്കുന്നു. ഉടമസ്ഥതയിലുള്ള ഭൂമി സംബന്ധമായ വിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് കത്ത് നൽകിയെങ്കിലും ഭൂമി ഉള്ളതായി കണ്ടെത്താൻ കഴിഞ്ഞില്ലെന്ന് വില്ലേജ് ഓഫീസിൽ നിന്ന് മറുപടി ലഭിച്ചുവെന്നും വിശദീകരിച്ചിട്ടുണ്ട്. ഇതിന്മേൽ തുടർനടപടികൾ സ്വീകരിച്ച് കുടിശ്ശിക ഈടാക്കാനുള്ള സത്വര നടപടികൾ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയും ഭരണ സമിതിയും കൈക്കൊള്ളേണ്ടതാണ്.

# 2-6 കെട്ടിട നികുതി നിർണ്ണയത്തിലെ അപാകത

2012-13 വരെ കെട്ടിട നികുതി നിർണ്ണയിച്ചിരിക്കുന്നത് വാർഷിക വരുമാന അടിസ്ഥാനത്തിലാണ്. 2013 മുതൽ തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ (മേഖല, ഉപമേഖല തരം തിരിവുകൾക്കനുസരിച്ച് വർദ്ധനവ്, ഇളവ് എന്നിവ കണക്കിലെടുത്ത്) അടിസ്ഥാന നികുതി നിർണ്ണയിച്ച് അതിനനുസരിച്ച് നികുതി നിർണ്ണയിക്കുന്നു. ഗ്രാമപഞ്ചായത്തിൽ 2013 മുതലുള്ള ഇത്തരത്തിലുള്ള നികുതി നിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ച് ഈടാക്കി വരുന്നെങ്കിലും പ്രസ്തുത നടപടിക്രമം പൂർത്തിയായിട്ടില്ല.

കെട്ടിട നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിലെ XII, II എന്നീ വാർഡുകളിലെ ഏതാനും കെട്ടിടങ്ങളുടെ വിശദാംശം സഞ്ചയ സോഫ്റ്റ് വെയർ, ഫോറം 16 എന്നിവ താരതമ്യം നടത്തി പരിശോധിച്ചതിൽ ചുവടെപ്പറയുന്ന പൊരുത്തക്കേടുകൾ കണ്ടെത്തി.

| വാർഡ് | കെട്ടിട നമ്പർ | ഫോറം 6 പ്രകാരമുള്ള വിസ്തീർണ്ണം ച.മീറ്റർ | സഞ്ചയ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിയ വിശദാംശം |
|---|---|---|---|
| XII | 03(UA) | 82 | 69 ച.മീറ്റർ |
| XII | 04(UA) | 72 | സഞ്ചയ സോഫ്റ്റ് വെയറിൽ കെട്ടിടത്തിന്റെ വിവരം ലഭ്യമല്ല |
| XII | 5(UA) | 65 | സഞ്ചയ സോഫ്റ്റ് വെയറിൽ കെട്ടിടത്തിന്റെ വിവരം ലഭ്യമല്ല |
| XII | 06 | 21 | സഞ്ചയ സോഫ്റ്റ് വെയറിൽ കെട്ടിടത്തിന്റെ വിവരം ലഭ്യമല്ല |
| XII | 07 | 26 | 32ച.മീറ്റർ |
| XII | 08 UA | 107 | 114ച.മീറ്റർ |
| XII | 09 | 28 | 149ച.മീറ്റർ |
| II | 50 | 31 | സഞ്ചയ സോഫ്റ്റ് വെയറിൽ കെട്ടിടത്തിന്റെ വിവരം ലഭ്യമല്ല |

12-ാം വാർഡിലെ ഭൂരിഭാഗം U/A കെട്ടിടങ്ങളുടെയും വിശദാംശം സഞ്ചയ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിയിട്ടില്ല. അപേക്ഷകൾ അപൂർണ്ണമാണ്. ഫോറം 6 ൽ നികുതി നിർണ്ണയം നടത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. നികുതി നിർണ്ണയത്തിനും വിവരശേഖരണത്തിനും ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥരുടെ വിശദാംശം ബന്ധപ്പെട്ട കോളത്തിൽ രേഖപ്പെടുത്തിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 43/28-05-19) വിശദീകരണം ലഭ്യമാക്കിയില്ല. വസ്തു നികുതി നിർണ്ണയത്തിലും സോഫ്റ്റ് വെയറിലെ അപ്ഡേഷനിലും ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നും വീഴ്ച സംഭവിച്ചിട്ടുണ്ട്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ലോഗ് ബുക്ക് കൃത്യതയോടെ സൂക്ഷിക്കുന്നില്ല

സർക്കാർ വാഹനങ്ങളുടെ ഉപയോഗത്തിന് ബാധകമായ ചട്ടങ്ങൾ പ്രകാരം തീയതി, ഇന്ധനത്തിന്റെ ആകെ അളവ്, ടാങ്കിന്റെ പരമാവധി ശേഷിയിൽ ഇന്ധനം നിറയ്ക്കുമ്പോൾ സന്നിഹിതനായിരുന്ന വ്യക്തിയുടെ പേരും ഉദ്യോഗപ്പേരും ഒപ്പും ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ഇത്തരത്തിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. വൗച്ചർ പ്രകാരം 2018-19 സാമ്പത്തിക വർഷത്തിൽ ഇന്ധനം നിറച്ചതിന്റെ ചില ഉദാഹരണം ചുവടെ ചേർക്കുന്നു.

| സ്ഥാപനം | ബിൽ നമ്പർ തീയതി | അളവ് | തുക | ചെക്ക് നമ്പർ, തീയതി, തുക |
|---|---|---|---|---|
| എസ്.എൻ.വി. ഫ്യൂവൽസ് | 39188, 31.03.18 | 49.35 | 3441.66 | 23529, 25.04.2018, 13385.54 /- |
| എസ്.എൻ.വി ഫ്യൂവൽസ് | 38515, 22.03.18 | 50 | 3405.66 | |
| എസ്.എൻ.വി ഫ്യൂവൽസ് | 37847, 14.03.18 | 42 | 2859.36 | |
| എസ്.എൻ.വി ഫ്യൂവൽസ് | 37102, 05.03.18 | 54 | 3679.02 | |
| എസ്.എൻ.വി ഫ്യൂവൽസ് | 2543, 25.04.18 | 43 | 3068.91 | 23536 07.05.2018 6597/- |
| എസ്.എൻ.വി ഫ്യൂവൽസ് | 1900, 17.04.19 | 50 | 3528.5 | |

| | | | | |
|---|---|---|---|---|
| എസ്.എൻ.വി ഫ്യൂവൽസ് | 3114, 03.05.18 | 50 | 3568.5 | 283173 05.07.18 6423/- |
| എസ്.എൻ.വി ഫ്യൂവൽസ് | 3590, 10.05.18 | 40 | 2854.8 | |
| എസ്.എൻ.വി ഫ്യൂവൽസ് | 16972, 12.09.18 | 57 | 4444.29 | 200070, 03.11.18 8165/- |
| എസ്.എൻ.വി ഫ്യൂവൽസ് | 18663, 25.09.18 | 47 | 3721.46 | |

ഈ വിഷയത്തിന്ന നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 40/28.05.2019ന് ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാകാതെ നോക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ് എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. സർക്കാർ വാഹനങ്ങളുടെ ഉപയോഗത്തിന് ബാധകമായ ചട്ടങ്ങൾ കൃത്യമായും പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

# 3-2 വെള്ളക്കരം അടവാക്കൽ - പിഴപ്പലിശ ഒടുക്കേണ്ടി വന്നു

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 76/19 |
| പ്രോജക്റ്റിന്റെ പേര് | വെള്ളക്കരം അടവാക്കൽ |
| അടങ്കൽ | 15,82,000/- (മെയിന്റ.ഗ്രാ.റോഡിതരം) |
| ചെലവ് | 15,82,000/- |
| ബിൽ നമ്പർ | 33/21-01-2019 |

കേരള വാട്ടർ അതോറിറ്റി ആറ്റിങ്ങൽ സെക്ഷൻ എക്സി.എഞ്ചിനീയറുടെ 24-10-2018 ലെ കേരള ഡിമാന്റ് നോട്ടീസ് പ്രകാരം 31,39,353/- രൂപയുടെ വെള്ളക്കരം കുടിശ്ശികയിൽ 57,456/- രൂപയുടെ ഫൈനും ഉൾപ്പെട്ടിരുന്നു. മേൽ പ്രോജക്റ്റ് പ്രകാരം 15,82,000/- രൂപ ഒടുക്കു വരുത്തിയിട്ടുണ്ട്. കുടിശ്ശിക ഇനത്തിൽ വലിയ തുക നിലനിൽക്കാനും പിഴ ഒടുക്കാനുമുള്ള സാഹചര്യം വിശദീകരിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 16/24-05-19) മുൻ വർഷങ്ങളിൽ തനത് ഫണ്ട് അപര്യാപ്തമായതിനാൽ വെള്ളക്കരം കൃത്യമായി ഒടുക്കു വരുത്താൻ സാധിച്ചില്ലെന്നും പിഴപ്പലിശ ഒഴിവാക്കിത്തരാൻ വാട്ടർ അതോറിറ്റിയോട് അഭ്യർത്ഥിച്ചിട്ടുണ്ടെന്നും സെക്രട്ടറി മറുപടി നൽകി. വരും വർഷങ്ങളിൽ വെള്ളക്കരം യഥാസമയം ഒടുക്കു വരുത്തി പിഴപ്പലിശ ഒടുക്കേണ്ടി വരുന്ന സാഹര്യം ഒഴിവാക്കേണ്ടതാണ്.

# 3-3 പൈപ്പ് ലൈൻ എക്സ്റ്റൻഷൻ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 85/18-19 |
| പ്രോജക്റ്റിന്റെ പേര് | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ |
| അടങ്കൽ | 7,77,866/- |
| ചെലവ് | 7,77,866/- |
| ബിൽ നമ്പർ/തീയതി | 09/18-19, 20-06-18, 1,18,000/- |
| | 28/18-19, 17-12-18, 6,59,866/- |

മൂന്നാറ്റുമുക്ക് എന്ന സ്ഥലത്ത് കേടായ 63 എം.എം. പി.വി.സി പൈപ്പ് മാറ്റി 90 എം.എം. പി.വി.സി. പൈപ്പ് സ്ഥാപിക്കുന്നതിലേക്കായി 1,18,000/- രൂപയും 27-ാം നമ്പർ അങ്കണവാടിയിൽ കുടിവെള്ള കണക്ഷൻ എടുക്കുന്നതിലേക്കായി 6,59,866/- രൂപയും വാട്ടർ അതോറിറ്റി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ എസ്റ്റിമേറ്റ് പ്രകാരം കൈമാറിയിട്ടുണ്ട്. എന്നാൽ 6,59,866/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 16/24-05-19) വിവിധ വാർഡുകളിലെ പൈപ്പ് ലൈൻ

ദീർഘിപ്പിക്കുന്നതിനായി 6,72,680/- രൂപയുടെ എസ്റ്റമേറ്റിൽ പ്രോജക്ടിൽ അവശേഷിച്ച 6,59,866/- രൂപ മാത്രമാണ് ഒടുക്കു വരുത്തിയതെന്നും മുഴവൻ തുകയും ഒടുക്കുന്ന മുറയ്ക്ക് മാത്രമേ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാൻ സാധിക്കുകയുള്ളൂവെന്ന് വാട്ടർ അതോറിറ്റി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്ന് അറിയിച്ചെന്നും സെക്രട്ടറി മറുപടി നൽകിയിരിക്കുന്നു. മുഴവൻ തുകയും ഒടുക്കു വരുത്തി പണി പൂർത്തിയാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-4 കാർഷിക മേഖലയിൽ പദ്ധതികൾ പൂർണ്ണമായും നടപ്പിലാക്കിയില്ല

കാർഷിക മേഖലയിലെ വിവിധ പ്രോജക്ടുകൾക്കായി 2018-19 വർഷം വകയിരുത്തിയ ഫണ്ടിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ട് | വകയിരുത്തിയത് | ചെലവഴിച്ചത് |
|---|---|---|
| വികസന ഫണ്ട് - ജനറൽ | 18,95,800.00 | 8,54,000.00 |
| വികസന ഫണ്ട് - SCP | 2,00,000.00 | 4,000.00 |

ജലശ്രീ പദ്ധതിക്കായി 7,20,000/- രൂപയും ഹരിത ഭവനം പദ്ധതിക്കായി 4,20,000/- രൂപയും വകയിരുത്തി. രണ്ട് പദ്ധതികളും നടപ്പിലാക്കാൻ വികസന ഫണ്ടിന്റെ ഭൂരിഭാഗം തുക അടങ്കൽ വകയിരുത്തിയെങ്കിലും അവയുടെ ചെലവ് യഥാക്രമം 7,200/- രൂപ (1%), 91,000/- (21%) എന്നിങ്ങനെയാണ്. പ്രസ്തുത പദ്ധതികൾക്കായി വകയിരുത്തിയതിന്റെ 22% തുക മാത്രമാണ് ആകെ ചെലവഴിച്ചത്. 2018-19 സാമ്പത്തിക വർഷത്തെ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ ഹരിതഭവനം പദ്ധതി നിർദ്ദേശം ഉണ്ടായിരുന്നില്ല. പ്രസ്തുത പദ്ധതികൾ വിജയകരമായി നടപ്പിലാക്കാൻ സാധിക്കാത്തതിനാൽ ഫണ്ടിന്റെ അപര്യാപ്തത കാരണം മറ്റ് വികസന പ്രവർത്തനങ്ങൾക്ക് തുക ചെലവഴിക്കാൻ സാധിക്കാത്ത സാഹചര്യം ഉണ്ടായതായി ഓഡിറ്റ് വിലയിരുത്തുന്നു. പ്രസ്തുത വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (11/23.5.19) നല്കിയ മറുപടിയിൽ ഗുണഭോക്താക്കൾ താല്പര്യപ്പെട്ട് മുന്നോട്ട് വരാത്തതിനാലാണ് പദ്ധതി പൂർണ്ണമായും നടപ്പിലാക്കാൻ കഴിയാതെ പോയതെന്ന് അറിയിച്ചു. പദ്ധതികൾ നടപ്പിലാക്കുമ്പോൾ അവയുടെ പ്രായോഗികത, ഫലപ്രാപ്തി എന്നിവ കൂടി മുൻകൂട്ടി വിലയിരുത്തി കാർഷിക മേഖലയുടെ പുരോഗതിയ്ക്ക് അഭികാമ്യമാകുന്ന തരത്തിൽ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-5 പച്ചക്കറിതൈകൾ വിതരണം ചെയ്തിട്ടില്ല- തുക തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ | SO 205/2019 |
| പ്രോജക്ടിന്റെ പേര് | പച്ചക്കറി കൃഷി വികസനം |
| അടങ്കൽ | 99,750/- (തനത് ഫണ്ട്) |
| ചെലവ് | 99,750/- |
| നിർവ്വഹണം | കൃഷി ഓഫീസർ |

പച്ചക്കറി കൃഷി വികസനം എന്ന പ്രോജക്ടിലേക്കായി 99,750/- രൂപ ചെലവഴിച്ചിട്ടുണ്ട്. പച്ചക്കറി തൈകൾ ഗുണഭോക്താക്കൾക്ക് നൽകി പച്ചക്കറി കൃഷി വ്യാപനം പ്രോത്സാഹിപ്പിക്കുകയാണ് പദ്ധതി ലക്ഷ്യം. സീഡ് ഫാം - ചിറയിൻകീഴ് എന്ന സ്ഥാപനത്തിന് പച്ചക്കറി തൈകൾ വിതരണം ചെയ്യുന്നതിനായി ചെക്ക് നമ്പർ 5001655/25.03.19 പ്രകാരം 99,750/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ സീഡ് ഫാം പച്ചക്കറി തൈകൾ വിതരണം ചെയ്തതിന്റെയോ അവ ഗുണഭോക്താക്കൾക്ക് നൽകിയതിന്റെയോ രേഖകൾ ഹാജരാക്കിയിട്ടില്ല. പ്രസ്തുത വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (12/23.5.19) നല്കിയ മറുപടിയിൽ ഇലക്ഷൻ പെരുമാറ്റ ചട്ടം നിലവിൽ വന്നതിനാലും ജലദൗർലഭ്യത്തിനാലും തൈകൾ യഥാസമയം വിതരണം ചെയ്യാൻ കഴിഞ്ഞില്ലായെന്നും ആയത് ഉടൻ വിതരണം നടത്തുന്നതാണെന്നും മറുപടി നല്കി. പദ്ധതി ലക്ഷ്യം കൈവരിക്കാത്തതിനാൽ ചെലവ് തുക 99,750/- രൂപ തടസ്സപ്പെടുത്തുന്നു. പച്ചക്കറി തൈകൾ വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

# 3-6 ചന്ദിരം വയലിൽ ഓട നിർമ്മാണം - കൈമാറി കിട്ടാത്ത സ്വകാര്യ ഭൂമിയിലെ നിർമ്മാണം നിയമപരമല്ല – ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല – സത്വര നടപടികൾ കൈക്കൊള്ളണം

ചന്ദിരം റോഡ് - വയൽതിട്ട ഭാഗത്തെ വെള്ളക്കെട്ട് ഒഴിവാക്കാൻ ഓട നിർമ്മിക്കണമെന്ന ആവശ്യം 141 പേർ പങ്കെടുത്ത 9-ാം വാർഡിലെ ഗ്രാമസഭ 3-ാം നമ്പർ തീരുമാനമായി 20.07.16ൽ എടുത്തതിന്റെ അടിസ്ഥാനത്തിൽ അതേ വർഷം പ്രസ്തുത പ്രവൃത്തി വിഭാവനം ചെയ്ത് 2018-19 ൽ നടപ്പാക്കിയിട്ടുണ്ട്. 12,90,357/- രൂപ ചെലവഴിച്ചിട്ടുള്ള പ്രസ്തുത പ്രവൃത്തിയുടെ മൂല്യം നാളിതുവരെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്താനായിട്ടില്ല. നിർമ്മാണം പൂർത്തീകരിച്ച്, ആസ്തി ഏറ്റെടുക്കാതെ പോകുന്നത് പാഴ്ചെലവിനുള്ള സാധ്യതയുണ്ടാക്കുന്നു. കടകം - എഞ്ചിനീയറിംഗ് കോളേജ് റോഡിൽ നിലവിലെ കലുങ്ക് കഴിഞ്ഞ് ചന്ദിരം വയൽ ഭാഗത്ത് നിർമ്മിച്ചിട്ടുള്ള മേൽ ഓടയിൽ നിന്നും മഴക്കാലത്തെ വെള്ളം മണ്ണ് നിറഞ്ഞുകിടക്കുന്ന മൺ ഓട (സ്വകാര്യ ഭൂമിയിലുള്ളത്)യിലൂടെ ഒഴുകി പോകുന്നില്ലായെന്ന വിലയിരുത്തലിൽ പുതിയ കോൺക്രീറ്റ് ഓട നിർമ്മിക്കാനുള്ള അസിസ്റ്റന്റ് എഞ്ചിനീയറുടെ എസ്റ്റിമേറ്റ് ഭരണസമിതി 19.10.17ലെ തീരുമാനം 1(1) പ്രകാരം അംഗീകരിച്ചു. വർക്കിംഗ് ഗ്രൂപ്പുകളിലോ ഗ്രാമസഭകളിലോ ചർച്ച ചെയ്യപ്പെടാത്ത പ്രസ്തുത പ്രവൃത്തി 2018-19ൽ പൂർത്തിയാക്കി. 18,00,534/- രൂപയാണ് ചെലവഴിച്ചത്. ഓട നിർമ്മിക്കപ്പെട്ട ഭൂമിയുടെ ഉടമസ്ഥാവകാശം യഥാവിധി ഉറപ്പാക്കുന്നതിനുമുൻപ് നടത്തിയ ബാലൻസ് ഓടയുടെ നിർമ്മാണം നിയമപരമല്ല. പ്രോജക്ട് രൂപീകരണ ഫോറത്തിൽ നൽകിയിട്ടുള്ള ആസ്തി യുണീക്ക് നമ്പരായ 12340010220000003 എന്ന 17 അക്ക കോഡ് പഞ്ചായത്തിലെ യാതൊരു ആസ്തിയുമായി പൊരുത്തപ്പെടുന്നതല്ല. ഇല്ലാത്ത ആസ്തി കോഡ് സോഫ്റ്റ് വെയറിൽ നൽകി രൂപീകരിച്ച പ്രസ്തുത പദ്ധതിയിൽ യഥാർത്ഥ വസ്തുതകൾ ഒഴിവാക്കപ്പെട്ടിട്ടുണ്ട്. ഭൂവുടമകൾ സ്വന്തം ഭൂമി ക്ഷേമപ്രവർത്തനങ്ങൾക്കുവേണ്ടി പ്രതിഫലം കൂടാതെ പ്രാദേശിക സർക്കാരിന്റെ പേർക്ക് വിട്ടൊഴിയാവുന്നതാകുന്നു. ഇപ്രകാരം ഭൂവുടമകൾ വിട്ടൊഴിയുന്ന ഭൂമിയിൽ പ്രാദേശിക സർക്കാരിന് നിയമപരമായ അവകാശം ലഭിക്കുന്ന 1958ലെ കേരള ലാന്റ് റിലിങ്ക്വിഷ്മെന്റ് ആക്ട് നടപ്പിലാക്കാൻ ഭരണസമിതിക്കോ നിർവ്വഹണ ഉദ്യോഗസ്ഥനോ കഴിഞ്ഞിട്ടില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി ആർജിക്കുന്ന ആസ്തികൾ യഥാസമയം രേഖപ്പെടുത്തി സൂക്ഷിച്ചാൽ മാത്രമേ പ്രസ്തുത സ്ഥാപനത്തിന്റെ ആസ്തികളുടെ മൂല്യം കണക്കാക്കി ശരിയായ സാമ്പത്തിക സ്ഥിതിയുടെ അവലോകനത്തിന് സാധിക്കുകയുള്ളൂ. കൂടാതെ പൊതുപണം മുടക്കി ആർജിക്കുന്ന ആസ്തികൾ കൈയേറി പോകാതെ നിരീക്ഷിക്കുന്നതിന് അവയുടെ സ്ഥിതിവിവരം രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ആസ്തി രജിസ്റ്ററിലെ വിവരങ്ങളുടെ അഭാവം സംരക്ഷണ ഗ്രാന്റിന്റെ വിതരണ മാനദണ്ഡങ്ങളേയും വാർഷിക പദ്ധതികളുടെ തയ്യാറാക്കലിനേയും സാരമായി ബാധിക്കുന്നതാണ്. 24.08.2008ലെ 55178/എഫ്.എം.3/2008/ത.സ്വ.ഭ.വ നമ്പർ സർക്കുലറിൽ ആസ്തികളുടെ സംരക്ഷണത്തിന് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. അതിലുപരി ആസ്തി ആർജിക്കലും കൈയൊഴിയലും സംബന്ധിച്ച് നിലവിലെ ചട്ടങ്ങളും നിയമങ്ങളും അനുശാസിക്കുന്ന നടപടിക്രമങ്ങൾക്ക് സഹായകരമാകുന്ന തരത്തിൽ 20.01/17ൽ ത.സ്വ.ഭ. വകുപ്പ് GO (Rt) 166/2017/LSGD ഉത്തരവ് പ്രകാരം അസറ്റ് മാനേജ്മെന്റ് മാന്വലും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ആസ്തി രജിസ്റ്ററിൽ ഉൽപ്പെട്ടിട്ടില്ലാത്ത രണ്ട് പ്രവൃത്തികളും 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജിക്കലും കൈയൊഴിയലും) ചട്ടങ്ങളും നിലവിലുള്ള ഉത്തരവുകളും പാലിച്ച് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്താൻ ഭരണസമിതിയും നിർവ്വഹണ ഉദ്യോഗസ്ഥനും സത്വര നടപടികൾ കൈക്കൊള്ളേണ്ടതാണ്. ആസ്തി ആർജിക്കലിന്റെ നാൾവഴികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. പരാമർശിച്ചിട്ടുള്ള വിഷയം ആധാരമാക്കി നൽകിയിട്ടുള്ള ഓഡിറ്റ് അന്വേഷണം 39(എ)യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആസ്തി രജിസ്റ്ററിൽ യഥാവിധി ഉൾപ്പെടുത്തുന്നതുവരെ പ്രവൃത്തികളുടെ ആകെ മൂല്യമായ 30,90,891/- രൂപയിൽ പ്രസ്തുത പ്രവൃത്തികളുമായി ബന്ധപ്പെട്ട് ഖണ്ഡിക 3-7(1)ൽ നിരാകരിച്ച 35,484/-രൂപയും ഖണ്ഡിക 3-8(1)ൽ നിരാകരിച്ച 27,102/-രൂപയും ഖണ്ഡിക 3-8(2)ൽ തടസ്സപ്പെടുത്തിയ 18,977/-രൂപയും കഴിച്ച് 30,09,328/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 3-7 ചന്ദിരം വയലിൽ ഓട നിർമ്മാണം - ദുർവ്യയം ഉണ്ടായി - അധിക ചെലവും ഈടാക്കാത്ത പിഴയും തിരികെ ഈടാക്കണം

2016-17 സാമ്പത്തിക വർഷത്തിൽ വിഭാവനം ചെയ്ത ചന്ദിരം വയൽ ഓട നിർമ്മാണം എന്ന പ്രവൃത്തി സ്പിൽ ഓവർ പ്രവൃത്തിയായി 2018 -19 വർഷമാണ് നടപ്പാക്കിയത്.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0142/19 |
| അടങ്കൽ തുക | 15,65,000/- |
| ചെലവ് തുക | 12,90,357/- |
| കരാറുകാരൻ | ശ്രീ. ദിജു ദിലീപ് (എസ്റ്റിമേറ്റ് നിരക്ക്) |
| എസ്റ്റിമേറ്റ് ആധാരം | MORD with CI 46.67% |
| ബിൽ നമ്പർ | 05/18-19 തീയതി 19.05.18 |
| | 11/18-19 തീയതി 19.05.18 |
| എം. ബുക്ക് നമ്പർ | 36/17-18 |
| കരാർ നമ്പർ | 30/AE/LSGD/CKL/16-17 തീയതി 21.03.17 |
| പണി പൂർത്തിയാക്കിയ തീയതി | 23.03.18 |

മേൽ പ്രവൃത്തിയുടെ ഫയൽ പരിശോധനയിൽ ഓട നിർമ്മാണത്തിലുപയോഗിക്കുന്ന സാധാരണ അളവുകളിൽ നിന്നുള്ള വ്യത്യസ്തത നിർവ്വഹിച്ച പ്രവൃത്തി അളവുകളിൽ കണ്ടതിനെതുടർന്ന് സ്ഥലപരിശോധന (28.05.19 ൽ) നടത്തുകയുണ്ടായി. ഫയൽ പരിശോധനയിലും സ്ഥലപരിശോധനയിലുമായി കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

(1) <u>ഓടയുടെ കവറിംഗ് സ്ലാബിന് അധിക കനം നൽകി</u>

5-ാംഇനമായി നടപ്പാക്കിയ കവറിംഗ് സ്ലാബിന് 15 cm കനം നൽകിയിട്ടുണ്ട്. 213സ്ലാബുകളാണ് നിർമ്മിച്ചിട്ടുള്ളത്. റൂഫ് സ്ലാബിന് നൽകുന്ന കനം 10 cm (നടപ്പ് സാമ്പത്തിക വർഷത്തിലെ നിർമ്മാണത്തിൽ നൽകിയിട്ടുള്ളത്). പരമാവധി 65 cm സ്പാൻ മാത്രമുള്ള പ്രസ്തുത ഓടയുടെ കവറിംഗ് സ്ലാബിന് 10 cm മുതൽ 12 cm വരെ കനം നൽകാവുന്നതാണ്. 3 മീറ്റർ carriage width ഉള്ള റോഡിന്റെ 70 cm (ചുരുങ്ങിയത്) shore ൽ സ്ഥാപിച്ചിട്ടുള്ള ഇലക്ട്രിക് പോസ്റ്റുകൾക്ക് അപ്പുറത്തായാണ് ഓട നിർമ്മിച്ചിട്ടുള്ളത്. വാഹനങ്ങൾ കയറാനുള്ള സാധ്യതയുള്ളതിനാലാണ് സ്ലാബിന് അധിക കനം നൽകിയതെന്ന വിശദീകരണവും (ഓഡിറ്റ് എൻക്വയറി നമ്പർ 37/27.05.19 ന്റെ മറുപടി) റോഡ് ക്രോസിംഗ് ഉണ്ടെന്നുള്ള എസ്റ്റിമേറ്റ് റിപ്പോർട്ടും വസ്തുതാവിരുദ്ധമാണെന്ന് സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്.

അധിക ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| ചെയ്ത പ്രവൃത്തിയുടെ അളവ് = | 4 x 1.25 x 0.53 x 0.15 | = | 0.397 |
| | 1 x 1.25 x 0.475 x 0.15 | = | 0.089 |
| | 7 x 1.45 x 0.53 x 0.15 | = | 0.806 |
| | 1 x 1.45 x 0.58 x 0.15 | = | 0.126 |
| | 200 x 1.25 x 0.50 x 0.15 | = | <u>18.75</u> |
| | | = | <u>20.168 $m^3$</u> |
| നൽകിയ തുക = | 20.168 x 8799.92 | = | 177476.79 |
| ശരിയായ പ്രവൃത്തിയുടെ അളവ് = | 4 x 1.25 x 0.53 x 0.12 | = | 0.318 |
| | 1 x 1.25 x 0.475 x 0.12 | = | 0.07125 |
| | 7 x 1.45 x 0.53 x 0.12 | = | 0.64554 |

| | | | |
|---|---|---|---|
| | 1 x 1.45 x 0.58 x 0.12 | = | 0.10092 |
| | 200 x 1.25 x 0.50 x 0.12 = | | 15.0000 |
| | | = | 16.13571m$^3$ |
| നൽകേണ്ടിയിരുന്ന തുക = | 16.13571 x 8799.92 | = | 141992.96 |
| പാഴ്ച്ചെലവ് = | | | 35484.00 |

അസിസ്റ്റന്റ് എഞ്ചിനീയറുടെ വിവേചനാധികാരം തെറ്റായി ഉപയോഗിച്ചതുമൂലമുണ്ടായ പാഴ്ച്ചെലവിലൂടെ നഷ്ടപ്പെട്ട തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

(2) പിഴ ഈടാക്കിയില്ല

പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 3 മാസമായിട്ടാണ് വർക്ക് ഓർഡർ നൽകിയിട്ടുള്ളത് (20.06.17 ന് മുൻപായി പൂർത്തീകരിക്കണം). എന്നാൽ പണി പൂർത്തിയാക്കിയത് സമയ പരിധി കഴിഞ്ഞ് 9 മാസം കഴിഞ്ഞിട്ടാണ്. കേരള പൊതു മരാമത്ത് വകുപ്പ് മാന്വലിലെ സെക്ഷൻ 2005 പ്രകാരം ശാസ്ത്രീയ മാനദണ്ഡങ്ങൾ ഉപയോഗിച്ച് ശരിയായി വിശകലനം ചെയ്താണ് കാലാവധി നിശ്ചയിക്കേണ്ടത്. കാലാവസ്ഥ വ്യതിയാനങ്ങൾ, പ്രവൃത്തിയുടെ മൂല്യം, നിർമ്മാണ സാമഗ്രികൾ സംഭരിക്കാനാവശ്യമായ സമയം, curing time തുടങ്ങി മറ്റെല്ലാ ഘടകങ്ങളും സമയപരിധി നിശ്ചയിക്കുന്നതിന് വിലയിരുത്തേണ്ടതാണ്. ഇങ്ങനെ നൽകിയിട്ടുള്ള സമയപരിധി പാലിക്കുവാൻ കരാറുകാരന് കഴിഞ്ഞിട്ടില്ല. കരാറുകാരന്റേതല്ലാത്ത കാരണത്താലുള്ള കാലതാമസത്തിന് കാലാവധി തീരുന്നതിന് മുൻപായി അപേക്ഷിക്കേണ്ടതാണ്. എന്നാൽ അപ്രകാരമുള്ള അപേക്ഷ ഫയലിൽ ലഭ്യമല്ല. പരമാവധി extension പൂർത്തീകരിക്കേണ്ട കാലാവധിയുടെ 50% അധികരിക്കാൻ പാടില്ലാത്തതാണ് (സെക്ഷൻ 2112). കരാറുകാരനെ ശിക്ഷാ നടപടിയിൽ നിന്ന് ഒഴിവാക്കിയ ഭരണസമിതി തീരുമാനം [നമ്പർ 6(6) /19.03.18)] നിയമപരമല്ല.

കാലതാമസത്തിന് ഈടാക്കേണ്ടിയിരുന്ന പിഴതുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

21.06.17 മുതൽ 12.07.17 വരെ = PAC യുടെ 1%

= 1562063ന്റെ 1%

= 15,621/-

13.07.17 മുതൽ 04.08.17 വരെ = PACയുടെ 2%

= 31,241/-

ഈടാക്കേണ്ടിയിരുന്ന കുറഞ്ഞ പിഴതുക = 46,862/-

പിഴയിനത്തിൽ ലഭ്യമാകേണ്ടിയിരുന്ന 46,862/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

# 3-8 ചന്ദിരം വയലിൽ ഓട ബാലൻസ് വർക്ക് - പാഴ്ചെലവിന് പുറമേ നിയമങ്ങളും പാലിച്ചിട്ടില്ല

2017-18 സാമ്പത്തിക വർഷത്തിൽ തയ്യാറാക്കിയ ചന്ദിരം വയലിൽ ഓട ബാലൻസ് വർക്ക് എന്ന പ്രവൃത്തി സ്പിൽ ഓവറായാണ് പൂർത്തീകരിച്ചത്.

പ്രോജക്ട് നമ്പർ - SO157/19

അടങ്കൽ - 20,00,000/- (മെയിന്റനൻസ് ഫണ്ട് - റോഡ്)

ചെലവ് തുക - 18,00,534/-

എസ്റ്റിമേറ്റ് ആധാരം - MORD with CI 50.98%

കരാറുകാരൻ - ശ്രീ. ജോൺസെന്റ് (ഐറ്റം നിരക്ക്)

ബിൽ നമ്പർ - 19/18-19 തീയതി 28.09.18

എം.ബുക്ക് - 56/17-18

കരാർ നമ്പർ - 21/AE/LSGD/CKL/17-18 തീയതി 03.11.17

പണി പൂർത്തിയാക്കിയ തീയതി - 11.06.18

പ്രവൃത്തിയുടെ ഫയൽ പരിശോധനയിലും 28.05.19ൽ നടന്ന സ്ഥലപരിശോധനയിലുമായി ഓട നിർമ്മാണത്തിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

(1) ഓട നിർമ്മാണത്തിന്റെ ആദ്യഘട്ടത്തിനുശേഷം നടത്തിയ ബാലൻസ് വർക്കിൽ ഒരു മൺ റോഡ് ക്രോസിംഗ് ഉണ്ട്. പ്രസ്തുത ഭാഗത്ത് 18 cm കനത്തിലുള്ള സ്ലാബുകളാണ് ഓടയുടെ കവറിംഗിനായി ഉപയോഗിച്ചിട്ടുള്ളത്. എന്നാൽ ബാക്കി ഭാഗത്തുള്ള ഓടയുടെ (T.S. കനാലിൽ എത്തിക്കുന്ന ഭാഗം) കവറിംഗ് സ്ലാബിനായി 15 cm, 10 cm എന്നിങ്ങനെ കനം നൽകിയിട്ടുണ്ട്. സ്ഥലപരിശോധനയിൽ പൊതുജനസഞ്ചാരം ഓടയുടെ പുറത്തുകൂടി ഇല്ലാത്തതാണെന്നും live load സ്ലാബിൽ വരുവാനുള്ള വിദൂര സാധ്യത പോലുമില്ലാത്തതുമാണെന്നും ബോധ്യപ്പെട്ടിട്ടുണ്ട്. ഒരേ സാഹചര്യമുള്ള നിശ്ചിത ദൂരത്തിൽ, വ്യത്യസ്ത കനം സ്ലാബിന് നൽകിയത് സാധൂകരിക്കുന്ന മറുപടി ലഭ്യമാക്കാൻ എഞ്ചിനീയറിംഗ് വിഭാഗത്തിന് കഴിഞ്ഞിട്ടില്ല. 55 cm സ്പാനുള്ള ഓടയ്ക്ക് 10 cm കനത്തിലുള്ള സ്ലാബ് അനുവദനീയമാണ്. 15 cmകനത്തിലുള്ള സ്ലാബ് നിർമ്മിച്ചത് പാഴ്ചെലവ് ഉണ്ടാക്കിയിട്ടുണ്ട്.

| | | |
|---|---|---|
| ചെയ്ത പ്രവൃത്തിയുടെ അളവ് = | 100 x 1.00 x 0.60 x 0.15 =9 $m^3$ | |
| നൽകിയ തുക = | 9 x 9034.01 = | 81306.09 |
| ശരിയായ പ്രവൃത്തിയുടെ അളവ് = | 100 x 1.00 x 0.60 x 0.10 =6$m^3$ | |
| നൽകേണ്ടിയിരുന്ന തുക = | 6 x 9034.01 = | 54204.06 |
| പാഴാക്കിയ തുക = | | 27102.00 |

പാഴ്ചെലവിലൂടെ നഷ്ടപ്പെട്ട തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

(2) എക്സ്ട്രാ ഇനം (1) ആയി, ഓടയും T.S. കനാലും ചേരുന്ന ഭാഗത്ത് സ്ഥാപിച്ച 108.50Kg ഭാരമുള്ള ഷട്ടർ സ്ഥലപരിശോധനയിൽ കാണാൻ കഴിഞ്ഞില്ല. സംയുക്ത പരിശോധനയിൽ പങ്കെടുത്ത ഓവർസിയർ ഓടയുടെ പരിസരത്തുള്ള ഏക വീട്ടിൽ സൂക്ഷിച്ചിട്ടുള്ളതായി അറിയിക്കുകയും പരിശോധന ടീം നേരിൽ കാണുകയും ചെയ്തിട്ടുണ്ട്. ഒരാൾക്ക് ഉയർത്താൻ കഴിയുന്ന ഭാരത്തിലുള്ള ഷട്ടറാണ് കാണാൻ കഴിഞ്ഞിട്ടുള്ളത്. ഇളക്കി മാറ്റാൻ കഴിയുന്നത് നിർമ്മാണത്തിലെ അപാകതയാണെന്നും ഷട്ടർ ഉയർത്താൻ കഴിഞ്ഞിട്ടുള്ളത് ഭാരത്തിലെ കുറവുമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഇക്കാരണങ്ങളാൽ ഷട്ടറിനായി ചെലവഴിച്ചിട്ടുള്ള 18,977/-രൂപ തടസ്സപ്പെടുത്തുന്നു.

(3) കേരള പൊതുമരാമത്ത് മാനുവൽ സെക്ഷൻ 2005 അനുസരിച്ചുള്ള പൂർത്തീകരണ കാലാവധി നിശ്ചയിക്കുവാൻ അസിസ്റ്റന്റ് എഞ്ചിനീയറിന് കഴിഞ്ഞിട്ടില്ല. കാലാവസ്ഥ വ്യതിയാനങ്ങൾ, പ്രവൃത്തയുടെ മൂല്യം, നിർമ്മാണ സാമഗ്രികൾ സംഭരിക്കാനാവശ്യമായ സമയം, curing time തുടങ്ങി മറ്റെല്ലാ ഘടകങ്ങളും ശാസ്ത്രീയ മാനദണ്ഡങ്ങൾ ഉപയോഗിച്ച് ശരിയായ വിശകലനം ചെയ്യുവാൻ നിർവ്വഹണ ഉദ്യോഗസ്ഥയ്ക്ക് കഴിയാതെ പോയിട്ടുണ്ട്. ഓടയുടെ ആദ്യഘട്ടം പൂർത്തിയാക്കാത്ത സമയത്ത്, രണ്ടാം ഘട്ടം പൂർത്തിയാക്കാൻ വർക്ക് ഓർഡർ നൽകിയതിന്റെ അടിസ്ഥാനം വ്യക്തമല്ല. പൊതുമരാമത്ത് നിയമങ്ങൾ പാലിക്കുന്നതിന് എഞ്ചിനീയറിംഗ് വിഭാഗം ശ്രദ്ധ നൽകേണ്ടതാണ്.

## 3-9 കോട്ടപ്പുറം കുന്നുവിള റോഡ് റീടാറിംഗ്- പൊതുമരാമത്ത് മാനുവൽ പാലിച്ചില്ല- ഈടാക്കിയ

# പിഴയിലും കുറവ്

| | |
|---|---|
| പ്രോജക്ട് നമ്പർ | SO137/19 |
| അടങ്കൽ തുക | 6,23,000/- |
| ചെലവ് തുക | 6,15,526/- |
| കരാറുകാരൻ | ശ്രീ. അപ്പുക്കുട്ടൻ |
| എസ്റ്റിമേറ്റ് ആധാരം | MORD 16 with CI 46.67% |
| ബിൽ നമ്പർ | 07/18 തീയതി 19.05.18 |

മേൽ പ്രവൃത്തിക്കായി തെരഞ്ഞെടുക്കപ്പെട്ട കരാറുകാരന് 23-03-2017 ൽ വർക്ക് ഓർഡറും പൂർത്തീകരണ കാലാവധി 22-06-2017 ൽ അവസാനിക്കുമെന്ന അറിയിപ്പും നൽകിയിട്ടുണ്ട്. എന്നാൽ പണി പൂർത്തീകരിച്ചിട്ടുള്ളത് 24-03-2018 ൽ ആണ്. 28-02-18 ൽ ആരംഭിച്ചിട്ടാണ് പണി പൂർത്തീകരിച്ചത്. 9 മാസത്തെ അധിക സമയം അനുവദിച്ചത് നിയമപരമല്ല. കരാറുകാരന്റെ പിഴവ് മൂലം മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ കരാറുകാരൻ നിർവ്വഹണോദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും പ്രസ്തുത അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി പി.എ.സി യുടെ 1% ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% വരെ ഒറ്റത്തവണ ദീർഘിപ്പിച്ച് നൽകാവുന്നതുമാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കുന്ന പക്ഷം 2% പിഴ ഈടാക്കണം. എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50% ൽ അധികരിക്കാവുന്നതല്ല. ഈ കാലാവധിക്ക് ശേഷവും പൂർത്തീകരിക്കാത്ത പ്രവൃത്തി ആധികാരികമല്ല (പൊതുമരാമത്ത് വകുപ്പ് മാന്വൽ 2012 സെക്ഷൻ 2112 പ്രകാരം).

<u>അപാകതകൾ</u>

1.കരാറുകാരൻ അധിക സമയത്തിന് അപേക്ഷ നൽകിയിട്ടില്ല.

2. ഭരണസമിതി അധിക സമയം അനുവദിച്ചതിന്റെ രേഖകൾ ഇല്ല.

3. ഫൈൻ ഈടാക്കിയതിൽ കുറവുണ്ട്.

| | |
|---|---|
| 23-06-2017 മുതൽ 15-07-2017 വരെ 1% of PAC | 6230 |
| 16-07-2017 മുതൽ 07-08-2017 വരെ 2% of PAC | 12460 |
| ആകെ | 18690 |
| ഈടാക്കിയ തുക | 12310 |
| ബാക്കി തുക | 6380 |

4. മാർച്ച് 2017 ന മുൻപായി തയ്യാറാക്കപ്പെട്ട എസ്റ്റിമേറ്റ് ആധാരമാക്കിയിട്ടുള്ളത് MORD CI 46.67 % ആണ്. ഒരു വർഷം കഴിഞ്ഞ് പൂർത്തിയായ പ്രസ്തുത പ്രവൃത്തി നടപ്പിലായ സമയത്തെ Cost Index 44.12% ആണ്. പൂർത്തീകരണ കാലാവധിക്കുള്ളിൽ പ്രവൃത്തി നടപ്പിലാക്കാത്ത കരാറുകാരനെ പുറത്താക്കി നഷ്ടം ഈടാക്കി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പുതുക്കി റീ ടെണ്ടർ ചെയ്തിരുന്നുവെങ്കിൽ വലിയൊരു തുക ലാഭിക്കാമായിരുന്നു.

# 3-10 നിയമാനുസരണം ഉപയോഗിക്കാൻ കഴിയാത്ത വാഹനം മത്സ്യ വില്പനക്കായി വാങ്ങി നൽകി

| | |
|---|---|
| പ്രോജക്ട് നമ്പർ | SO061/19 |
| പ്രോജക്ടിന്റെ പേര് | മത്സ്യ വില്പനക്കായി മോട്ടോർ സൈക്കിളും ഐസ്ബോക്സും വിതരണം |
| നിർവ്വഹണം | ഫിഷറീസ് സബ് ഇൻസ്പെക്ടർ |
| <u>അടങ്കൽ</u> | വികസന ഫണ്ട് - 1,50,000/- |
| | ഗുണഭോക്തൃ വിഹിതം - 1,50,000/- |

| | |
|---|---|
| | (നേരിട്ട് ചെലവഴിക്കുന്നത്) |
| ആകെ | 3,00,000/- |
| ചെലവ് | 2,98,850/- രൂപ |

മോട്ടോർ സൈക്കിളും ഐസ് ബോക്സും അഞ്ച് എണ്ണം വീതം വാങ്ങുന്നതിന് വിഭാവനം ചെയ്ത പ്രസ്തുത പ്രോജക്ടിൽ ബിൽ നമ്പർ 04/25-02-19 പ്രകാരം 56,800/- രൂപ ചെലവഴിച്ചതിൽ 28,400/- രൂപ ശ്രീമതി.പുഷ്പമ്മ മോഹനൻ, വിജിൻ ഹൗസ്, അഞ്ചുതെങ്ങ് എന്ന ഗുണഭോക്താവിന് ബജാജ് സി.റ്റി 100 (ഗിയറുള്ളത്) വാങ്ങി നൽകുന്നതിനാണ് വിനിയോഗിച്ചത്. എന്നാൽ അപേക്ഷയോടൊപ്പമുള്ള രേഖകൾ പ്രകാരം പ്രസ്തുത ഗുണഭോക്താവിന് ഗിയറില്ലാത്ത മോട്ടോർ സൈക്കിളിന്റെ ലൈസൻസ് മാത്രമാണ് ഉള്ളത് (നമ്പർ 16/4696/2013 തീയതി 25-06-13). ഗുണഭോക്താവിന് നിയമാനുസരണം ഉപയോഗിക്കാൻ കഴിയാത്ത വാഹനം വാങ്ങുന്നതിലേക്കായി പദ്ധതി പണം ചെലവഴിച്ചു.

ഗുണഭോക്താവും ഭർത്താവ് മോഹനനും മത്സ്യകച്ചവടം ഉപജീവന മാർഗമാക്കിയവരാണെന്നും ഗുണഭോക്തൃവിഹിതം അടയ്ക്കാൻ തയ്യാറായതിനാലുമാണ് മോട്ടോർ സൈക്കിൾ വാങ്ങി നൽകിയതെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥയുടെ വിശദീകരണം (ഓഡിറ്റ് എൻക്വയറി നമ്പർ 41/ 28.05.2019 ന്റെ മറുപടി).

ഗുണഭോക്തൃ തിരഞ്ഞെടുപ്പ്, മോണിറ്ററിംഗ് എന്നിവയിലെ അപാകത കാരണമാണ് ഇപ്രകാരം സംഭവിച്ചത്. അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനും അവർക്ക് അനുയോജ്യമായ വാഹനം വാങ്ങി നൽകുന്നതിനും ശ്രദ്ധിക്കേണ്ടതാണ്. വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഉണ്ടാകേണ്ടതുണ്ട്.

# 3-11 സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമായി ലാപ് ടോപ്പ് വിതരണം ചെയ്തു

| | |
|---|---|
| പ്രോജക്ട് നമ്പർ | S0064/19 |
| പ്രോജക്ടിന്റെ പേര് | മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ലാപ് ടോപ്പ് |
| അടങ്കൽ | 3,00,000/- (വികസനഫണ്ട്) |
| ചെലവ് | 2,99,880/- രൂപ |
| നിർവ്വഹണം | ഫിഷറീസ് സബ് ഇൻസ്പെക്ടർ |

ബിൽ നമ്പർ 01/24.12.18, 05/20.03.19 എന്നിവ പ്രകാരം യഥാക്രമം 2,49,900/-രൂപയും 49,980/- രൂപയും പിൻവലിച്ച് ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത CM ഗ്രൂപ്പ്, നെടുമങ്ങാട് എന്ന സ്ഥാപനത്തിൽ നിന്നും 12 ലാപ് ടോപ്പുകൾ വാങ്ങി മത്സ്യതൊഴിലാളികളുടെ മക്കൾക്ക് വിതരണം ചെയ്തു.

സബ്സിഡി ആനുകൂല്യം ലഭ്യമായ ശ്രീമതി.മിൻസിയ, അൻസിയ മൻസിൽ, പെരുമാതുറ എന്ന ഗുണഭോക്താവ് ആനുകൂല്യം കൈപ്പറ്റുമ്പോൾ B.Com പഠനം പൂർത്തിയാക്കിയിരുന്നതാണ്. നിലവിൽ സ്വകാര്യ സ്ഥാപനത്തിൽ Computerised Accounting പഠിച്ചു വരികയാണ്. സബ്സിഡി മാർഗ്ഗരേഖ [സ.ഉ.(കൈ) നമ്പർ 22/2018/തസ്വഭവ തീയതി 14.02.2018 ] പ്രകാരം ബിരുദതലത്തിലുള്ള ഉന്നതവിദ്യാഭ്യാസത്തിലേർപ്പെടുന്നവർക്ക് മാത്രമാണ് ഈ പ്രോജക്ട് പ്രകാരമുള്ള ആനുകൂല്യത്തിന് അർഹതയുള്ളത്.

പ്രസ്തുത ഗുണഭോക്താവ് അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതാണെന്നും പദ്ധതി നടപ്പാക്കാൻ സമയമെടുത്തതിനാൽ ഡിഗ്രി പഠനം പൂർത്തിയായെന്നും ബിരുദാനന്തര പഠനത്തിന് മുന്നോടിയായി സ്വാകാര്യ സ്ഥാപനത്തിൽ കമ്പ്യൂട്ടർ അക്കൗണ്ടിംഗ് പഠിച്ചുകൊണ്ടിരിക്കുകയാണെന്നുമാണ് നിർവ്വഹണ ഉദ്യോഗസ്ഥയുടെ വിശദീകരണം (ഓഡിറ്റ് എൻക്വയറി നമ്പർ 41/28.05.19 ന്റെ മറുപടി).

ഭാവിയിൽ പ്രോജക്ട് നടപ്പിലാക്കുമ്പോൾ സബ്സിഡി മാർഗ്ഗരേഖയിൽ നിഷ്കർഷിക്കുംപ്രകാരമുള്ള ഗുണഭോക്താക്കൾക്ക് മാത്രം ആനുകൂല്യം നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-12 പ്രത്യേക കന്നുകുട്ടി പരിപാലനം- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

| | |
|---|---|
| എ)പ്രോജക്ട് നമ്പർ, പേര് | SO 88/19, പ്രത്യേക കന്നുകുട്ടി പരിപാലനം |
| അടങ്കൽ തുക | 10,00,000/- |
| ചെലവ് തുക | 2,50,000/- (വികസന ഫണ്ട്) |
| ബിൽ നമ്പർ/തീയതി | 01/18-19 /31-07-18 93,750/- |
| | 09/18-19/01-01-19 1,56,250/- |
| ബി)പ്രോജക്ട് നമ്പർ, പേര് | SO 101/18-19, പ്രത്യേക കന്നുകുട്ടി പരിപാലനം(വനിത) |
| അടങ്കൽ തുക | 7,50,000/- |
| ചെലവ് തുക | 3,75,000/- (വികസന ഫണ്ട്) |
| ബിൽ നമ്പർ/തീയതി | 04/18-19 /01-09-18 2,25,000/-<br>05/18-19/01-01-19 25,000/-<br>06/18-19/28-09-18 1,25,000/- |

ക്രമ നമ്പർ (എ) പ്രകാരമുള്ള പ്രോജക്ടിൽ 40 ഗുണഭോക്താക്കൾക്ക് കന്നുകുട്ടി പരിപാലനം പദ്ധതിയുടെ ഭാഗമായി കാലിത്തീറ്റ സബ്സിഡി നിരക്കിൽ ലഭിക്കുന്നതിന് 6,250/- രൂപ വീതം (പദ്ധതി വിഹിതം) ആകെ 2,50,000/- രൂപ എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടറുടെ പേർക്ക് ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ക്രമ നമ്പർ (ബി) പ്രകാരമുള്ള പ്രോജക്ടിൽ 30 ഗുണഭോക്താക്കൾക്ക് പദ്ധതി വിഹിതവും സംസ്ഥാനാവിഷ്കൃത വിഹിതവുമുൾപ്പെടെ കന്നുകുട്ടി പരിപാലനം പദ്ധതിക്കായി കാലിത്തീറ്റ സബ്സിഡി നിരക്കിൽ ലഭിക്കുന്നതിന് 12,500/- രൂപ വീതം ആകെ 3,75,000/- രൂപയും ഇപ്രകാരം ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. രണ്ട് പദ്ധതികളുടെയും വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

ആറു മാസം മുതൽ 36 മാസം വരെയുള്ള കന്നുകുട്ടികളുടെ പരിപാലനത്തിന് പദ്ധതിയുടെ പ്രയോജനം ലഭ്യമാകുന്നതിനാൽ മുൻ വർഷങ്ങളിൽ സമാന പദ്ധതിക്കായി ഓരോ വർഷവും പദ്ധതി പ്രകാരം ചെലവായ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിവരം, പദ്ധതി തുക 36 മാസങ്ങളിലായി പൂർണ്ണമായും വിനിയോഗിക്കുന്നുണ്ടെങ്കിൽ അത് സംബന്ധിച്ച വിവരം, വിനിയോഗിക്കപ്പെടാത്ത തുക, തിരികെ നിർവ്വഹണോദ്യോഗസ്ഥൻ വഴി കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കു വരുത്തിയിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിവരം, 2018-19 വർഷത്തെ വിനിയോഗ സാക്ഷ്യപത്രം എന്നിവയുടെ വിവരം ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം 39, 28-5-19) SLBP ഡെപ്യൂട്ടി ഡയറക്ടറിൽ നിന്ന് വിവരം ലഭ്യമാക്കി അറിയിക്കുന്നതാണെന്ന് മറുപടി നല്കിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ലാത്തതിനാൽ ചെലവ് തുക (375000+250000) 6,25,000/- രൂപ തടസ്സപ്പെടുത്തുന്നു.

# 3-13 മാർഗ്ഗരേഖയിൽ അധികരിച്ച് സബ്സിഡി നല്കി - തുക നിരാകരിക്കുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ | SO170/18 |
| പേര് | പട്ടികജാതി വിഭാഗത്തിൽപ്പെട്ട മെറിറ്റോറിയസ് വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോഴ്സ് പഠിക്കുന്നതിന് ധനസഹായം |
| അടങ്കൽ തുക | 2,50,000/- |
| ചെലവ് തുക | 1,25,000/-( വികസന ഫണ്ട്) എസ്.സി.പി. |
| ബിൽ നമ്പർ | 1/24.5.18 |
| നിർവ്വഹണം | ഹെഡ്മാസ്റ്റർ, ഗവ. എൽ.പി.എസ്. |

പട്ടികജാതി വിഭാഗത്തിൽപ്പെട്ട മെറിറ്റോറിയസ് വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോഴ്സ് പഠിക്കുന്നതിന് ധനസഹായം നല്കുന്നതിനായുള്ള സ്പിൽ ഓവർ പ്രോജക്ടിനുവേണ്ടി 2,50,000/- രൂപ വകയിരുത്തിയിരുന്നുവെങ്കിലും 1,25,000/- രൂപയാണ് ചെലവഴിച്ചത്. 3നഴ്സിംഗ് വിദ്യാർത്ഥികൾ, 1 പോളിടെക്നിക്ക് വിദ്യാർത്ഥി, 1 ബിരുദ വിദ്യാർത്ഥി

എന്നിങ്ങനെ 5 കുട്ടികൾക്ക് 25,000/- രൂപ വീതം 1,25,000/- രൂപ സ്കോളർഷിപ്പ് അനുവദിച്ചു. സ. ഉ .(എം എസ് )നം 80/2017/ ത സ്വ ഭ വ , തീയതി 3.4.17 ഖണ്ഡിക 11.8.2പ്രകാരം പോളിടെക്നിക്ക്, നഴ്സിംഗ് വിദ്യാർത്ഥികൾക്ക് പരമാവധി നല്കേണ്ട സ്കോളർഷിപ്പ് തുക 15,000/- രൂപയാണ്. നാല് പേർക്ക് സബ്സിഡി തുകയിൽ അധികരിച്ച് 40,000/-രൂപ (10000 x 4) സ്കോളർഷിപ്പ് നല്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (35/27.5.19) ലഭ്യമാക്കിയ മറുപടിയിൽ 2016-17 വർഷത്തെ മാർഗരേഖയിൽ 25,000/- രൂപ സ്കോളർഷിപ്പ് നല്കാമെന്ന് പരാമർശിച്ചിട്ടുണ്ട്. ആയതു പ്രകാരമാണ് തുക നല്കിയതെന്ന് വിശദീകരിച്ചിട്ടുണ്ട്. 2017-18 വർഷം നടപ്പിലാക്കിയ പദ്ധതി ആയതിനാൽ 2017-18 വർഷത്തെ മാർഗ്ഗരേഖയിൽ അധികരിച്ച് 4 വിദ്യാർത്ഥികൾക്ക് നല്കിയ തുക 40,000/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

# 3-14 പത്താംതരം തുല്യത /ഹയർ സെക്കന്ററി തുല്യത ഫീസ്-എല്ലാ പഠിതാക്കളും പരീക്ഷയ്ക്ക് ഹാജരായിട്ടില്ല

| | |
|---|---|
| എ) പ്രോജക്ട് നമ്പർ | S0108/19 |
| പ്രോജക്ടിന്റെ പേര് | പത്താംതരം തുല്യത |
| അടങ്കൽ തുക | 75,500/- |
| ചെലവ് തുക | 75,000/- |
| ബിൽ | 05/06-09-18 |
| ബി) പ്രോജക്ട് നമ്പർ | S0109/19 |
| പ്രോജക്ടിന്റെ പേര് | ഹയർ സെക്കണ്ടറി തുല്യത പരീക്ഷ ഫീസ് |
| അടങ്കൽ തുക | 68,550/- |
| ചെലവ് തുക | 65,500/- |
| ബിൽ | 06/06-09-18 |

പ്രോജക്ട് നമ്പർ S0108/19 പ്രകാരം 40 ഗുണഭോക്താക്കൾക്ക് കോഴ്സ് ഫീ 1,850/- രൂപ ക്രമത്തിൽ 74,000/- രൂപയും 10 എസ്.സി ഗുണഭോക്താക്കൾക്ക് രജിസ്ട്രേഷൻ ഫീസിനത്തിൽ 100 രൂപ വീതം ആയിരം രൂപയും ഉൾപ്പെടെ ആകെ 75,000/- രൂപ പത്താംതരം തുല്യതാ പരീക്ഷയ്ക്കായി സാക്ഷരതാ മിഷൻ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ഇതിൽ 29 ജനറൽ ഗുണഭോക്താക്കൾ പരീക്ഷയെഴുതി. 11 പേർ പരീക്ഷയ്ക്ക് ഹാജരായില്ല. ഹാജരാകാത്ത ഗുണഭോക്താക്കളുടെ പേര് വിവരം ചുവടെ ചേർക്കുന്നു.

1)ശ്രീ.അർഷാദ്, തോപ്പിൽ വീട്, പെരുമാതുറ

2) മുഹസിൻ.എം, വലിയവിളാകം, പെരുമാതുറ

3) നമിത.എം, തെരുവിൽ പുറംപോക്ക്, പെരുമാതുറ

4) റിയാസ്.ബി, വലിയവിളാകം, പെരുമാതുറ

5) ശ്രീജ.എസ്, കിഴക്കേ വിളാകം, പണ്ടകശ്ശാല

6) സോഫിയ.റ്റി, കൊച്ചുതോപ്പിൽ വീട്, തെക്കേ അരയതുരുത്തി

7) വിജി.വി, വയലിൽ വീട്, പണ്ടകശാല

8) ഷാമില.ജെ, കശാലക്കകം, പെരുമാതുറ

9) ഷഫീന.ആർ, പണ്ടകശാല, പെരുമാതുറ

10, ഷംന.എസ്, വലിയവിളാകം, പെരുമാതുറ

11) സുമയ്യ, വലിയവിളാകം, പെരുമാതുറ

പ്രോജക്റ്റ് നമ്പർ SO109/19 പ്രകാരം 29 ജനറൽ ഗുണഭോക്താക്കൾക്ക് 2,250/- രൂപ വീതം 65,250/- രൂപയും 11 എസ്.സി ഗുണഭോക്താക്കൾക്ക് രജിസ്ട്രേഷൻ ഫീസിനത്തിൽ 300/- രൂപ വീതം 3,300/- രൂപയും ഉൾപ്പെടെ ആകെ 68,550/- രൂപ സാക്ഷരതാ മിഷന് കൈമാറിയിട്ടുണ്ട്. എസ്.സി ഗുണഭോക്താക്കളിൽ ചുവടെപ്പറയുന്ന എട്ട് പേർ പരീക്ഷയ്ക്ക് ഹാജരായിട്ടില്ല.

1)ശ്രീമതി.അനിത.ബി, വിളയിൽ വീട്, മേൽകടയ്ക്കാവൂർ

2)ശ്രീ.രജീഷ്.എസ്, ഒറ്റിയിൽ വീട്, പുതുക്കര

3) ശ്രീമതി.അനശ്വര.എ.എസ്, പുത്തൻവീട്, കടകം

4)ശ്രീ.മഹേഷ്.എം, വയലിൽവീട്, പുളുന്തുരുത്തി

5)ശ്രീ.അരുൺ.എസ്, വയലിൽ വീട്, പുതുക്കരി

6) ശ്രീമതി.ഉഷാര, പുതുവീട്, മേൽകടയ്ക്കാവൂർ

7) ശ്രീമതി.ഷീല.ജി, ഷൈനിനിവാസ്, എരുമക്കാവ്

8) ശ്രീമതി.സിമി.എൽ, തിട്ടയിൽ വീട്, പുതുക്കരി

മേൽ സൂചിപ്പിച്ച പഠിതാക്കൾക്കുള്ള കോഴ്സ് ഫീ, രജിസ്ട്രേഷൻ ഫീസ് എന്നിവ സാക്ഷരതാ മിഷനിൽ ഒടുക്ക വരുത്തിയിട്ടും പരീക്ഷയ്ക്ക് ഹാജരാകാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക്(38/ 27-5-19) ലഭ്യമാക്കിയ മറുപടിയിൽ പരീക്ഷയ്ക്ക് ഫീസടച്ചാൽ മൂന്ന് വർഷം വരെ പരീക്ഷ എഴുതാമെന്നതിനാൽ 19-20 സാമ്പത്തിക വർഷം മുകളിൽ സൂചിപ്പിച്ച ഗുണഭോക്താക്കളെ പരീക്ഷ എഴുതിപ്പിച്ച് രേഖകൾ ഹാജരാക്കുന്നതാണെന്ന് മറുപടി നല്കി. പരീക്ഷയ്ക്ക് ഹാജരാകാത്തവർക്കായി സാക്ഷരതാ മിഷനിൽ ഒടുക്കിയ തുക 22,750/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-15 അതുല്യം സാക്ഷരത പരിപാടി - ചെലവുകൾ സബ്സിഡി മാർഗരേഖ പ്രകാരമല്ല

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | SO 172/19 |
| പേര് | അതുല്യം സാക്ഷരത പരിപാടി |
| അടങ്കൽ തുക | 50,000/- |
| ചെലവ് തുക | 50,000/- |
| ബിൽ നമ്പർ/തീയതി | 2/24-5-18 |

ഏഴാം തരം വരെയുള്ള തുല്യത പരീക്ഷകൾക്കായി തയ്യാറെടുക്കുന്ന പഠിതാക്കൾക്കായി തുക വകയിരുത്തിയിരുന്ന സ്പിൽ ഓവർ പ്രോജക്റ്റ്. ഇതിൽ 34,000/- രൂപ പ്രേരക് മാർക്ക് ഓണറേറിയത്തിനും 10,730/-രൂപ ഭക്ഷണത്തിനും 5,270/-രൂപ നോട്ട് പുസ്തകങ്ങളും പേനയും വാങ്ങുന്നതിനും ചെലവഴിച്ചു. ജി.ഓ.(എം.എസ്) നം.72/2017/ത.സ്വ.ഭ.വ. തീയതി 29-3-2017, ഖണ്ഡിക 12.9 (6) പ്രകാരം സാക്ഷരത മിഷന്റെ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് സാക്ഷരത കേന്ദ്രങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക, മിഷൻ പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങളുടെ വില നൽകുക, സാക്ഷരത മിഷന് അടക്കേണ്ടതായ ഫീസ് എന്നിവക്ക് വേണ്ടിയുള്ള പദ്ധതികൾ ഏറ്റെടുക്കാവുന്നതാണ്. മേൽ പറഞ്ഞതിൽ നിന്നും വ്യത്യസ്തമായി അതുല്യം പദ്ധതിക്കായി ഭക്ഷണത്തിനും നോട്ട് ബുക്കും വാങ്ങി നൽകുന്നതിനുമായി 16,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (33/25.5.19) നല്കിയ മറുപടിയിൽ സർക്കാർ നിർദേശത്തെക്കുറിച്ചുള്ള അറിവില്ലായ്മയാണ് അപാകതക്ക് കാരണമെന്നും മേലിൽ സർക്കാർ മാർഗനിർദേശം പാലിച്ചുകൊണ്ട് പദ്ധതികൾ നടപ്പിലാക്കാമെന്നും മറുപടി നൽകിയിട്ടുണ്ട്.

വരും വർഷങ്ങളിൽ ഇത്തരം പദ്ധതികൾ നടപ്പിലാക്കുമ്പോൾ സബ്സിഡി മാർഗരേഖ പൂർണ്ണമായും പാലിച്ചുകൊണ്ട് നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-16 മരുന്ന് വാങ്ങൽ പ്രോജക്ട് - മുഴുവൻ തുകക്കുമുള്ള മരുന്നും ലഭ്യമായിട്ടില്ല

പി.എച്ച്.സി, ആയുർവേദം, ഹോമിയോ മെഡിക്കൽ ഓഫീസർമാർ നിർവഹണം നടത്തിയ മരുന്ന് വാങ്ങൽ പ്രോജക്ടുകളിലേക്കായി മരുന്ന് വാങ്ങുന്നതിനായി കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, ഔഷധി, ഹോംകോ എന്നീ സ്ഥാപനങ്ങളിൽ തുക അടവാക്കിയെങ്കിലും മുഴവൻ തുകക്കുമുള്ള മരുന്ന് പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും ലഭ്യമായിട്ടില്ല.

| നിർവഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട് നമ്പർ, പേര് | വകയിരുത്തൽ | ചെലവ് | ബിൽ നമ്പർ / തീയതി, തുക | തുക കൈമാറിയ സ്ഥാപനം | ലഭ്യമാക്കിയിട്ടുള്ള മരുന്നിന്റെ മൂല്യം | ലഭ്യമാക്കാനുള്ള മരുന്നിന്റെ മൂല്യം |
|---|---|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി, പെരുമാതുറ | SO 18/19, പി.എച്ച്.സി. ക്ക് മരുന്ന് വാങ്ങൽ | 400000 (മെയിന്റനൻസ് നോൺ റോഡ്) | 400000 | 1) 5 / 23-6-18 തുക, 196990 2) 32/6-1-19 തുക 203010 | കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി | 334250 | 65750 |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | SO 13/19, ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ | 500000 (മെയിന്റനൻസ് നോൺ റോഡ്) | 500000 | 6/12-9-18 തുക, 500000 | ഔഷധി | 341052 | 158948 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | SO12/19, ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ | 150000 (മെയിന്റനൻസ് നോൺ റോഡ്) | 150000 | 1/29-6-18 തുക, 150000 | ഹോംകോ | 105455 | 44545 |
| ആകെ | | | | | | | 269243 |

വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (9/23-5-19, 10/23-5-19) കാലതാമസം കൂടാതെ മരുന്ന് ലഭ്യമാക്കുന്നതാണെന്ന് മെഡിക്കൽ ഓഫീസർ ആയുർവേദം, മെഡിക്കൽ ഓഫീസർ ഹോമിയോ എന്നിവർ മറുപടി നൽകി. മെഡിക്കൽ ഓഫീസർ പി.എച്ച്.സി. (42/28.05.2019) മറുപടി ലഭ്യമാക്കിയില്ല. മുഴവൻ തുകക്കുമുള്ള മരുന്ന് ലഭ്യമാകുന്നതുവരെ 2,69,243/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 3-17 പാലിയേറ്റീവ് കെയർ പദ്ധതി - മാർഗ്ഗരേഖകൾ പാലിക്കണം

(1)പാലിയേറ്റീവ് കെയർ പ്രവർത്തന മാർഗരേഖ സ.ഉ(സാധാ)നം 3217/2015/തസ്വഭവ, 29.10.2015, ഖണ്ഡിക 2.3.2 പ്രകാരം പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ നടത്തിപ്പിനും പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനും വേണ്ടി രൂപീകരിച്ചിട്ടുള്ള പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി (പി.എം.സി) രണ്ട് മാസത്തിലോരിക്കലോ ഇടവേളകളിൽ ആവശ്യാനുസരണമോ യോഗം ചേർന്ന് തങ്ങളുടെ പരിധിയിൽ നടക്കുന്ന പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പോരായ്മകൾ പരിഹരിക്കുന്നതിനും പരിമിതികൾ മറികടക്കുന്നതിനും ആവശ്യമായ തീരുമാനങ്ങൾ കൈകൊള്ളേണ്ടതുമാണ്. എന്നാൽ 2018-19 ൽ ആകെ 3 പ്രാവശ്യം മാത്രമാണ് പി.എം.സി കൂടിയിട്ടുള്ളത്.

(2)പാലിയേറ്റീവ് പ്രവർത്തനം സംബന്ധിച്ച് ഓരോ മാസത്തേയും പ്രതിമാസ പ്രവർത്തന-അവലോകന റിപ്പോർട്ടും വരവ്-ചെലവ് കണക്കും മെമ്പർ സെക്രട്ടറി പി.എം.സി. യോഗത്തിൽ രേഖാമൂലം അവതരിപ്പിക്കേണ്ടതും യോഗം

അത് വിലയിരുത്തി അംഗീകരിക്കേണ്ടതുമാണ്. ദ്വൈമാസ യോഗത്തിൽ വച്ച് രണ്ട് മാസത്തേക്കുള്ള പ്രവർത്തന രൂപരേഖ തയ്യാറാക്കി അംഗീകരിക്കേണ്ടതുമാണ്. എന്നാൽ പി.എം.സി. മിനിട്സ് പരിശോധിച്ചതിൽ അപ്രകാരമുള്ള നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

(3) പ്രവർത്തന മാർഗരേഖ ഖണ്ഡിക 2.5.7 പ്രകാരം തുടർ പരിചരണം ആവശ്യമായ രോഗികളുടെ വിവരങ്ങൾ നിർദ്ദേശിക്കപ്പെട്ട രീതിയിലുള്ള "പേഷ്യന്റ്സ് സ്റ്റാറ്റസിൽ" രേഖപ്പെടുത്തേണ്ടതും ഖണ്ഡിക 2.5.8 പ്രകാരം നോമിനൽ രജിസ്റ്ററിൽ ഉൾപ്പെട്ട രോഗികളിൽ ഗൃഹപരിചരണം നൽകേണ്ട രോഗികളുടെ വിവരങ്ങൾ "ഫോളോ അപ്പ് ഹോം കെയർ രജിസ്റ്ററിൽ " രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും ഖണ്ഡിക 2.6.2(7) പ്രകാരം എല്ലാ ഹോംകെയർ യൂണിറ്റുകളും നിർദ്ദേശിക്കപ്പെട്ട മാതൃകയിലുള്ള ഒരു " ഹോം കെയർ പ്ലാനിംഗ് രജിസ്റ്റർ" (ഹോംകെയർ ആവശ്യമായ രോഗികളുടെ സന്ദർശിക്കേണ്ട ഇടവേളകളും റൂട്ടും കണക്കിലെടുത്ത് ഹോംകെയർ പ്ലാൻ ചെയ്യുന്ന രജിസ്റ്റർ) സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ പ്രസ്തുത രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

(4) പ്രവർത്തന മാർഗരേഖ ഖണ്ഡിക 2.6.15 പ്രകാരം പാലിയേറ്റീവ് കെയർ പരിചരണ യൂണിറ്റിന്റെ / തദ്ദേശഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ ഈ രംഗത്ത് നടക്കുന്ന പ്രധാന പ്രവർത്തനങ്ങൾ (ഹോംകെയർ, ഒ.പി ക്ലാസ്സുകൾ, പരിശീലനങ്ങൾ, ദിനാചരണങ്ങൾ, വാർഷികം മുതലായവ) രേഖപ്പെടുത്തി വയ്ക്കുന്നതിന് ഒരു " ഇവന്റ്സ് ഡയറി" എഴുതി സൂക്ഷിക്കേണ്ടതാണ്. അപ്രകാരമുള്ള രേഖകൾ സൂക്ഷിക്കുന്നില്ല.

(5) പ്രവർത്തന മാർഗരേഖ ഖണ്ഡിക 2.7.5 പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളുടെ ഇനം തിരിച്ചുള്ള വരവുകളും ചെലവുകളും പ്രത്യേക വരവ് ചെലവ് കണക്ക് പുസ്തകത്തിൽ പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ എഴുതി സൂക്ഷിക്കേണ്ടതാണ്. അപ്രകാരം വരവ് ചെലവ് കണക്കുകൾ എഴുതി സൂക്ഷിക്കുന്ന രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

(6)മേൽ വിവരിച്ച പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് പ്രവർത്തന മാർഗരേഖ ഖണ്ഡിക2.11.1പ്രകാരം പി.എം.സി യുടെ ആഭ്യമുഖ്യത്തിൽ തദ്ദേശഭരണ സ്ഥാപനത്തിൽ വച്ച് ഓരോ മാസത്തിലും അവലോകനയോഗങ്ങൾ നടത്തേണ്ടതാണ്. ഓരോ അവലോകനയോഗത്തിലും മുൻമാസം നടന്ന പ്രവർത്തനങ്ങളുടെ എഴുതി തയ്യാറാക്കിയ റിപ്പോർട്ട് നിർദ്ദേശിക്കപ്പെട്ട പ്രകാരമുള്ള റിവ്യൂ മീറ്റിംഗ് റിപ്പോർട്ട് ബുക്കിലാണ് ഇത് എഴുതേണ്ടതും യോഗത്തിന്റെ അജണ്ട, ഹാജർ, മിനിട്സ് എന്നിവ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

പ്രസ്തുത വിഷയങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി നമ്പർ 32/25-5-19) പോരായ്മകൾ പരിഹരിച്ച് മുന്നോട്ട് പോകുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ നടത്തുന്നതിലേക്കായി ആരോഗ്യ – വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

# 3-18 ആർദ്രം പദ്ധതി - ടോക്കൺ സിസ്റ്റം സ്ഥാപിച്ചില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | SO 119/19, ആർദ്രം പദ്ധതി പ്രവർത്തനങ്ങൾ |
| നിർവഹണം | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| ഫണ്ട് | വികസനഫണ്ട് |
| വകയിരുത്തൽ | 2,81,000/- രൂപ |
| ചെലവ് | 2,80,162/- രൂപ |
| ബിൽ നമ്പർ /തീയതി | 41/12-3-19, തുക 7,198/-രൂപ |

പി.എച്ച്.സി. യെ കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റുന്നതിന് ഭൗതികസാഹചര്യം മെച്ചപ്പെടുത്തുന്നതിലേക്കായി എയർപോർട്ട് ചെയർ, വീൽ ചെയർ, പേഷ്യന്റ് ട്രോളി, ഓക്സിജൻ സിലിണ്ടർ, ഫോട്ടോകോപ്പി മെഷീൻ എന്നിവ വാങ്ങുന്നതിനും ഫാർമസി ടോക്കൺ സിസ്റ്റം സ്ഥാപിക്കുന്നതിനുമായി വികസനഫണ്ടിനത്തിൽ 2,81,000/-രൂപ വകയിരുത്തിയിരുന്നു. ആയതിൽ ഫാർമസി ടോക്കൺ സംവിധാനം ഒഴികെയുള്ള ഭൗതിക സാഹചര്യങ്ങൾ പി.എച്ച്.സി യിൽ ഒരുക്കിയെങ്കിലും ടോക്കൺ സിസ്റ്റം സ്ഥാപിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. ടോക്കൺ സിസ്റ്റം സ്ഥാപിക്കുന്നതിനായി 7,198/- രൂപ സി- ഡിറ്റിന് നൽകിയിട്ടുമുണ്ട്. ആയതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ്

എൻക്വയറിക്ക് (45/28-5-19)മറുപടി ലഭ്യമാക്കിയില്ല. ടോക്കൺ സിസ്റ്റം സ്ഥാപിച്ചതിന്റെ വിവരം ലഭ്യമാക്കുന്നതുവരെ 7,198/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 3-19 മൂന്ന് വർഷം കഴിഞ്ഞിട്ടും ട്രൈ സ്കൂട്ടർ വിതരണം നടത്തിയില്ല

2015-16 സാമ്പത്തിക വർഷം 8 ട്രൈസ്കൂട്ടർ വിതരണം നടത്തുന്നതിനായി വികലാംഗ കോർപ്പറേഷന് 5,72,000/- രൂപ (ഓരോ സ്കൂട്ടറിനും 71,500/- രൂപ വീതം) നൽകിയതിന്റെ അടിസ്ഥാനത്തിൽ 2018 മേയ് മാസത്തിൽ പഞ്ചായത്തിന് നൽകിയിട്ടുള്ള ട്രൈസ്കൂട്ടർ വിതരണം ചെയ്യുന്നതിനായി അറിയിപ്പ് നൽകിയിരുന്നുവെങ്കിലും ശ്രീ. സതീശൻ, ശ്രീമതി. സ്റ്റെല്ല എന്നീ ഗുണഭോക്താക്കൾ രേഖകൾ ഹാജരാക്കാത്തതിനാലും ശ്രീമതി. മഞ്ജു ഷിബുവിന് ജില്ലാ പഞ്ചായത്തിൽ നിന്നും ആനുകൂല്യം ലഭിച്ചിട്ടുള്ളതിനാൽ ആനുകൂല്യം വിതരണം സാധിക്കാത്തതിനാലും പ്രസ്തുത 3 ഗുണഭോക്താക്കൾ ഒഴികെ ബാക്കിയുള്ളവർക്ക് സ്കൂട്ടർ വിതരണം നടത്താൻ തീരുമാനിച്ചതായി ജനറൽ കമ്മിറ്റിയുടെ 13-6-18 ലെ 14 ാം നമ്പർ തീരുമാനം പ്രകാരം മിനിട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

10-12-18 ലെ 3(1) തീരുമാനം പ്രകാരം ശ്രീമതി. മഞ്ജു ഷിബുവിന് ജില്ലാ പഞ്ചായത്തിൽ നിന്നും ആനുകൂല്യം ലഭിച്ചതിനാലും രേഖകൾ ഹാജരാക്കാൻ കഴിയില്ലെന്ന് ശ്രീമതി സ്റ്റെല്ല അറിയിച്ചതിനാലും ഇവർക്ക് പകരം ഗുണഭോക്തൃ ലിസ്റ്റിലെ ശ്രീ. ബിനു സി, ശ്രീ. സജി എന്നിവർക്ക് ട്രൈസ്കൂട്ടർ നൽകാൻ തീരുമാനിച്ചതായും മിനിട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ശ്രീ. സതീശൻ, ശ്രീമതി സ്റ്റെല്ല, ശ്രീമതി. മഞ്ജു ഷിബു എന്നിവരുടെ പേരിൽ താൽക്കാലിക രജിസ്ട്രേഷൻ നടത്തിയിട്ടുള്ള KL19A- 5432, KL19A- 5434, KL19A-5437 എന്നീ നമ്പറിലുള്ള ട്രൈസ്കൂട്ടറുകൾ നിലവിലും പഞ്ചായത്ത് കോമ്പൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നതായി ഓഡിറ്റ് വേളയിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (8/23-5-19) ശ്രീമതി. മഞ്ജു ഷിബു, ശ്രീമതി. സ്റ്റെല്ല എന്നിവരുടെ പേരിലുള്ള സ്കൂട്ടറുകൾ ശ്രീ. ബിനു. സി, ശ്രീ. സജി. പി, എന്നിവരുടെ പേരിലേക്ക് മാറ്റി രജിസ്ട്രേഷൻ നടത്തുന്നതിന് ആർ.ടി.ഒ. ക്ക് കത്ത് നൽകിയതായി മറുപടി ലഭ്യമാക്കി. എന്നാൽ ശ്രീ. സതീശന്റെ പേരിലുള്ള സ്കൂട്ടറിനെ സംബന്ധിച്ച് മറുപടി ലഭ്യമാക്കിയില്ല. ഫയൽ പരിശോധനയിൽ രജിസ്ട്രേഷൻ മാറ്റി നൽകുന്നതിന് ആർ.ടി.ഒ. തുടർ നടപടിയൊന്നും സ്വീകരിച്ചതായി കാണുന്നില്ല. ശ്രീ. സതീശൻ, ശ്രീമതി. സ്റ്റെല്ല, ശ്രീമതി. മഞ്ജു ഷിബു എന്നീ ഗുണഭോക്താക്കളുടെ പേരിലുള്ളതും പഞ്ചായത്ത് കോമ്പൗണ്ടിൽ സൂക്ഷിച്ചിട്ടുള്ളതുമായ സ്കൂട്ടറുകൾ ലിസ്റ്റിലുള്ള അർഹരായ ഗുണഭോക്താക്കൾക്ക് നൽകുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം 71,500/-രൂപാ വീതം വിലപിടിപ്പുള്ള 3 ട്രൈസ്കൂട്ടറുകളും തുരുമ്പെടുത്ത് നശിക്കാൻ സാധ്യതയുണ്ട്.

2015-16വർഷത്തെ പ്രോജക്ട് 3 വർഷം കഴിഞ്ഞിട്ടും പൂർത്തിയാക്കാൻ കഴിയാത്തത് പദ്ധതി നടത്തിപ്പിന്റെ പാളിച്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. വിഷയത്തിൽ ഭരണസമിതിയുടെയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

# 3-20 ലൈഫ് ഭവനപദ്ധതി ജനറൽ (SOO72/19) –ആദ്യ ഗഡു കൈപ്പറ്റിയതിനുശേഷം തുടർപ്രവൃത്തികൾ നടത്തുന്നില്ല

ജനറൽ വിഭാഗത്തിൽപ്പെട്ട 50 ഗുണഭോക്താക്കൾക്ക് വികസനഫണ്ട്, ബ്ലോക്ക് വിഹിതം, ജില്ലാ പഞ്ചായത്ത് വിഹിതം, ഹഡ്കോ ബാങ്ക് വായ്പ ഇവ വകയിരുത്തി 4,00,000/- രൂപ വീതം ആനുകൂല്യം നൽകുന്നതിനായി വി.ഇ.ഒ യുടെ നിർവഹണത്തിൽ നടപ്പാക്കിയതാണ് ലൈഫ് ഭവനപദ്ധതി.

| ഫണ്ട് | വികസനഫണ്ട് | ബ്ലോക്ക് വിഹിതം | ജില്ലാ പഞ്ചായത്ത് വിഹിതം | ബാങ്ക് വായ്പ | ആകെ |
|---|---|---|---|---|---|
| വകയിരുത്തൽ | 4750000 | 306900 | 429356 | 14513744 | 20000000 |
| ചെലവ് | 4750000 | 306900 | 423100 | 5960000 | 11440000 |

പ്രസ്തുത പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ച ചുവടെ പറയുന്ന ഗുണഭോക്താക്കൾ ആദ്യ ഗഡു കൈപ്പറ്റിയതിനുശേഷം തുടർപ്രവൃത്തികൾ നടത്താത്തവരാണ്.

| ക്രമ നമ്പർ | പേര്, മേൽവിലാസം | കൈപ്പറ്റിയ തുക/ തീയതി |
|---|---|---|
| 1 | ശ്രീമതി. ജ്യോതി ബാബു,<br>ബി.എസ്.നിവാസ്, ചിറയിൻകീഴ് | 40,000/-,<br>24-07-18 |
| 2 | ശ്രീമതി. റജി,<br>ചരുവിള വീട്, മേൽ കടയ്ക്കാവൂർ | 40,000/-,<br>13-08-18 |
| 3 | ശ്രീമതി. പ്രസന്ന. കെ,<br>ആയന്തിയിൽ പുത്തൻവീട്, ആനത്തലവട്ടം | 40,000/-,<br>07-09-18 |

ക്രമ നമ്പർ 1 ലെ ഗുണഭോക്താവ് വീടിന്റെ തുടർ പ്രവൃത്തികൾ ആരംഭിച്ചുവെന്നും ക്രമ നമ്പർ 2 ലെ ഗുണഭോക്താവ് വീടിന്റെ അടിസ്ഥാനം പൂർത്തിയാക്കിയെന്നും ക്രമ നമ്പർ 3 ലെ ഗുണഭോക്താവിന്റെ വീട് നിർമിക്കുന്ന വസ്തുവിന്റെ അവകാശതർക്കം കാരണം കോടതി തുടർപ്രവൃത്തികൾ സ്റ്റേ ചെയ്തുവെന്നും സ്റ്റേ മാറുന്ന മുറക്ക് തുടർപ്രവൃത്തികൾ പൂർത്തീകരിക്കാൻ കഴിയുകയുള്ളൂ എന്നും വിശദീകരണം ലഭ്യമാക്കിയിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ29/25-5-19). ക്രമനമ്പർ 1, 2 എന്നിവയിലെ ഗുണഭോക്താക്കളെക്കൊണ്ട് തുടർപ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ക്രമ നമ്പർ 3 ലെ ഗുണഭോക്താവായ ശ്രീമതി പ്രസന്ന.കെ യുടെ വീട് നിർമ്മിക്കുന്നതിന്റെ അവകാശതർക്കം സംബന്ധിച്ച സ്റ്റേ മാറി കിട്ടുന്ന മുറക്ക് തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-21 വീട് വാസയോഗ്യമാക്കൽ പ്രവൃത്തിയിൽ വീട് മോടിപിടിപ്പിക്കുന്നതിനുള്ള ഇനങ്ങൾ കൂടി ഉൾപ്പെടുത്തി

| വിഭാഗം | ജനറൽ (S0074/19) | എസ്.സി.പി. (S0073/19) |
|---|---|---|
| വകയിരുത്തൽ | 30,00,000/- (വികസന ഫണ്ട്) | 30,00,000/- (വികസന ഫണ്ട്) |
| ചെലവ് | 25,50,000/- | 22,00,000/- |

വീട് വാസയോഗ്യമാക്കുന്നതിനായി ജനറൽ, എസ്.സി വിഭാഗങ്ങൾക്കായി നടപ്പാക്കിയ പ്രസ്തുത പദ്ധതികളിൽ വീട് മോടി പിടിപ്പിക്കുന്നതിനുള്ള പ്രവൃത്തികളായ പെയിന്റിംഗ്, തറയിൽ ടൈൽ പാകൽ എന്നീ പ്രവൃത്തികൾ നിർവഹിച്ച ഗുണഭോക്താക്കൾക്കും ആനുകൂല്യം നൽകിയിട്ടുണ്ട്.

ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

i) സോഫിയ, വാറിൽ വീട്, കടകം

ii) ശോഭാ സുരേഷ്, പുത്തൻവീട്, കടക്കാവൂർ

iii) അംബികാ തുളസീദാസൻ, നെടുവേലി വീട്, ചിറയിൻകീഴ്

iv) വിധു, വയലിൽ വീട്, കുട്ടം വാതുക്കൽ

v) ശ്രീകല, അഞ്ജു ഭവൻ, കാട്ടുകുളം, ചിറയിൻകീഴ്

വീടിന്റെ തറയിൽ ഈർപ്പാംശം കൂടുതലായതിനാലും വീട് വൃത്തിയായി കിടക്കുന്നതിനുമാണ് തറയിൽ ടൈൽ പാകൽ, പെയിന്റിംഗ് എന്നീ പ്രവൃത്തികൾ നിർവഹിച്ചതെന്നാണ് വിശദീകരണം (ഓഡിറ്റ് എൻക്വയറി നമ്പർ 29/25-5-19ന്റെ മറുപടി). വീട് വാസയോഗ്യമാക്കുന്നതിനുള്ള പ്രവൃത്തിയിൽ മേൽക്കൂര മാറ്റൽ, പ്ലാസ്റ്ററിംഗ്, ജനൽ,

വാതിൽ മാറ്റി സ്ഥാപിക്കൽ എന്നീ ഇനങ്ങൾ ഉൾപ്പെടുത്തുന്ന പ്രവൃത്തികൾക്ക് കൂടുതൽ മുൻഗണന നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യം എഞ്ചിനീയറിംഗ് വിഭാഗം പരിശോധിച്ച് കൃത്യമാക്കേണ്ടതുമാണ്.

## 3-22 പ്ലാസ്റ്റിക് മാലിന്യ പരിപാലന പ്രോജക്ട് നടപ്പിലാക്കിയില്ല

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിലുള്ള പ്ലാസ്റ്റിക് മാലിന്യങ്ങൾ ഹരിത കർമസേന ശേഖരിച്ച് മെറ്റീരിയൽ കളക്ഷൻ ഫസിലിറ്റേഷൻ സെന്ററിലേക്ക് (MCF) എത്തിക്കുന്നതിനുള്ള കളക്ഷൻ ചാർജിനും മറ്റുമായി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവഹണം നടത്തിയ പ്ലാസ്റ്റിക് മാലിന്യ പരിപാലനം (SO110/19) എന്ന പ്രോജക്ടിൽ ധനകാര്യകമ്മീഷൻ ഗ്രാന്റിനത്തിൽ 9,55,500/-രൂപ വകയിരുത്തിയിരുന്നു. എന്നാൽ നാളിതുവരെയായും ഗ്രാമപഞ്ചായത്തിൽ MCF സ്ഥാപിക്കാത്തതിനാലും പ്രസ്തുത പ്രവൃത്തി നിർവഹിക്കുന്ന ഹരിത കർമസേനാംഗങ്ങൾക്ക് ആദ്യത്തെ 6 മാസം വരെയേ പ്രോജക്ടിൽ നിന്നും തുക നൽകാൻ കഴിയുകയുള്ളൂ എന്നതിനാൽ തുടർന്ന് തുക നൽകുന്നതിനായി യൂസർഫീ കളക്ട് ചെയ്യേണ്ടത് സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് തീരുമാനങ്ങളൊന്നും എടുക്കാത്തതിനാലും പ്രസ്തുത പ്രോജക്ട് നടപ്പിലാക്കാൻ കഴിഞ്ഞില്ല. തന്മൂലം ധനകാര്യകമ്മീഷൻ ഗ്രാന്റിനത്തിൽ വകയിരുത്തിയ തുക വിനിയോഗിക്കാനും കഴിഞ്ഞില്ല. ആയതിനാൽ ഗ്രാമ പഞ്ചായത്തിൽ MCF സ്ഥാപിക്കുന്നതിനും ഗുണഭോക്താക്കളിൽ നിന്നും യൂസർഫീ കളക്ട് ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിച്ച് പ്ലാസ്റ്റിക് മാലിന്യ പരിപാലന പ്രോജക്ട് തുടർവർഷങ്ങളിൽ നടപ്പിലാക്കേണ്ടതാണ്. ഇക്കാര്യം ഭരണസമിതിയുടെയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

## 3-23 ഇ.എം.എസ് ഭവനപദ്ധതി അക്കൗണ്ടിൽ 6,41,430/- രൂപയുടെ നീക്കിയിരിപ്പ്

ഇ.എം.എസ്. ഭവനപദ്ധതിക്കായി രൂപീകരിച്ച ചിറയിൻകീഴ് സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ വി.ഇ.ഓ യുടെയും പ്രസിഡന്റിന്റെയും പേരിലുള്ള 101100010031037 എന്ന സംയുക്ത ബാങ്ക് അക്കൗണ്ടിൽ 31-3-2019ൽ 6,41,430/- രൂപ ബാലൻസ് നിൽക്കുന്നുണ്ട്.

ധനവിനിയോഗ മാർഗരേഖ ജി.ഓ (പി) 119-2015 തീയതി 21-3-15 പ്രകാരം ഓരോ മാസവും അവസാനവും വിതരണം ചെയ്യാനാകാതെ 30 ദിവസത്തിലധികമായി സൂക്ഷിച്ചിരിക്കുന്ന തുക ട്രഷറി ചലാൻ വച്ച് തിരിച്ചടക്കേണ്ടതാണ്. ഇപ്രകാരം ചെലവഴിക്കാതെ ശേഷിക്കുന്ന തുക തിരിച്ചടക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (31/25-5-19) പ്രസ്തുത തുക ലൈഫ് ഭവനപദ്ധതി രണ്ടാം ഘട്ടം, പ്രസ്തുത പ്രോജക്ടിൻമേൽ ഗ്രാമപഞ്ചായത്തിന്റെ ഹഡ്കോ ലോണിൽ കുറവ് വരുത്തുകയും ചെയ്യും എന്നാണ് മറുപടി ലഭ്യമാക്കിയത്. സർക്കാർ ഉത്തരവുകൾക്കും നിർദേശങ്ങൾക്കും വിധേയമായി മാത്രം പ്രസ്തുത അക്കൗണ്ടിൽ നിലനിൽക്കുന്ന ബാലൻസ് തുക വിനിയോഗിക്കാവുന്നതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം പ്രോജക്ടിന്റെ പേര് | പ്രോജക്ട് നമ്പർ | പേര് | ലഭിച്ച തുക | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 49 | കേദാരം- സമഗ്ര നെൽകൃഷി - ഒന്നാംവിള | 42500 | 42500 | 0 |
| | 53 | കേദാരം- സമഗ്ര നെൽകൃഷി - രണ്ടാംവിള | 93500 | 93500 | 0 |
| | 58 | ജലശ്രീ- കിണർ റീചാർജ്ജിംഗ് (ജനറൽ) | 2880 | 2880 | 0 |
| | 75 | ജലശ്രീ- കിണർ റീചാർജ്ജിംഗ് | 1600 | 1600 | 0 |

| | | | | | |
|---|---|---|---|---|---|
| | | (എസ്.സി.പി) | | | |
| | 69 | ലൈഫ് ഭവന പദ്ധതി - (എസ്.സി.പി) | 672000 | 0 | 672000 |
| | 72 | ലൈഫ് ഭവന പദ്ധതി - (പൊതുവിഭാഗം) | 306900 | 306900 | 0 |
| | 7 | സ്നേഹസ്പർശം - മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 285000 | 285000 | 0 |
| | 34 | ക്ഷീരസമൃദ്ധി - പാലിന് സബ്സിഡി | 300000 | 300000 | 0 |
| | 35 | ക്ഷീരസമൃദ്ധി (വനിത) - പാലിന് സബ്സിഡി | 300000 | 300000 | 0 |
| | | *ലൈഫ് ഭവനപദ്ധതി - ടോയിലറ്റ് | 420000 | 0 | 420000 |
| | | *ലൈഫ് ഭവനപദ്ധതി | 154700 | 0 | 154700 |
| ആകെ | | | 2579080 | 1332380 | 1246700 |
| ജില്ലാപഞ്ചായത്ത് | 49 | കേദാരം- സമഗ്ര നെൽകൃഷി - ഒന്നാംവിള | 21250 | 21250 | 0 |
| | 53 | കേദാരം- സമഗ്ര നെൽകൃഷി - രണ്ടാംവിള | 93500 | 93500 | 0 |
| | 58 | ജലശ്രീ- കിണർ റീചാർജ്ജിംഗ് (ജനറൽ) | 4320 | 4320 | 0 |
| | 63 | ഹരിത ഭവനം | 91000 | 91000 | 0 |
| | 75 | ജലശ്രീ- കിണർ റീചാർജ്ജിംഗ് (എസ്.സി.പി) | 2400 | 2400 | 0 |
| | 69 | ലൈഫ് ഭവന പദ്ധതി - (എസ്.സി.പി) | 521548 | 320000 | 201548 |
| | 72 | ലൈഫ് ഭവന പദ്ധതി - (പൊതുവിഭാഗം) | 429356 | 423100 | 6256 |
| | 7 | സ്നേഹസ്പർശം - മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 285000 | 285000 | 0 |
| | 34 | ക്ഷീരസമൃദ്ധി - പാലിന് സബ്സിഡി | 60000 | 60000 | 0 |
| | 35 | ക്ഷീരസമൃദ്ധി (വനിത) - പാലിന് സബ്സിഡി | 85000 | 85000 | 0 |
| | | *ലൈഫ് ഭവനപദ്ധതി | 50752 | 0 | 50752 |
| ആകെ | | | 1644126 | 1385570 | 258556 |

* ലൈഫ് ഭവനപദ്ധതിക്കായി ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 5,74,700/-രൂപയും ജില്ലാ പഞ്ചായത്ത് വിഹിതമായി 50,752/-രൂപയും തൻവർഷം ലഭിച്ചുവെങ്കിലും പ്രോജക്ട് രൂപീകരിച്ച് നടപ്പാക്കിയിട്ടില്ല. പ്രസ്തുത തുകയും നീക്കിയിരിപ്പായി ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ടിട്ടുണ്ട്.

# 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയതുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|
| വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ നീട്ടൽ | 777866 | 0 | 777866 |
| കെ.എസ്.ഇ.ബി. | ഇലക്ട്രിക് | 350021 | 0 | 350021 |

| | | | | |
|---|---|---|---|---|
| | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | | | |
| 17-18 B-18 പ്രകാരം കെ.എസ്.ഇ.ബി.യിലെ ഡെപ്പോസിറ്റ് | 18-19ലെ സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം ഡെപ്പോസിറ്റ് | 18-19ൽ യു.സി. ലഭിച്ചത് | ഡെപ്പോസിറ്റായി നിലനിൽക്കുന്ന തുക | 18-19 B-18 ഷെഡ്യൂൾ പ്രകാരം ഡെപ്പോസിറ്റിനത്തിൽ നിലനിൽക്കുന്ന തുക |
| 2313746 (സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ) | 350021 | 0 | 2663767 | 2627331 |
| വ്യത്യാസമുള്ള 36,436/-രൂപ RP 47 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ലാത്തതാണ്. | | | | |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

# 4-4 വായ്പ / വായ്പ തിരിച്ചടവ്

2018-19 സാമ്പത്തിക വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| മിത്രം ഭവന പദ്ധതി | സ.ഉ(എം.എസ്) നം83/13/തസ്വഭവ, തീയതി 11.03.2013 | 27100000 | 17000000 | 2500000 | 1662963 | 14500000 |
| കെ.യു.ആർ.ഡി.എഫ് | | 5960000 | 5960000 | - | - | 5960000 |

# 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

# 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ / തീയതി |
|---|---|---|---|---|
| 2016-17 | 3-16 | 1400 | ഡോ.രാഹുൽ, പി.എച്ച്.സി. | 118070102927/ 12.09.2018 |

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

ഇല്ല

# 4-8 ചാർജ് / സർചാർജ് നടപടികളുടെ വിവരം

ഇല്ല

# 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ)സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 9,88,88,015.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 9,19,76,904.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1,55,828.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 40,52,246.00 |

**(ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-7(1) | 35484 | ശ്രീമതി റീന.ഒ.റ്റി<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-7(2) | 46862 | ശ്രീമതി റീന.ഒ.റ്റി<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-8(1) | 27102 | ശ്രീമതി. ശ്രീവിദ്യ,<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-9 | 6380 | ശ്രീമതി റീന.ഒ.റ്റി.<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-13 | 40000 | ശ്രീ. ശ്രീകുമാർ.കെ.എസ്,<br>ഹെഡ്മാസ്റ്റർ |
| ആകെ | 155828 | |

**(സി)ഓഡിറ്റിൽ തടസ്സപ്പെടു ത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 99750 | ശ്രീമതി. അനുരാജൻ.എസ്,<br>കൃഷി ഓഫീസർ |
| 3-6 | 3009328 | ശ്രീമതി. റീന.ഒ.റ്റി,<br>അസിസ്റ്റന്റ് എഞ്ചിനീയർ<br>ശ്രീമതി. ശ്രീവിദ്യ, |

| | | | |
|---|---|---|---|
| | | | അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-8(2) | 18977 | | ശ്രീമതി ശ്രീവിദ്യ,<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-12 | 625000 | | ശ്രീമതി ആശാരാജൻ,<br>വെറ്റിനറി സർജൻ |
| 3-14 | 22750 | | ശ്രീമതി ജയലത.വി,<br>ഹെഡ്മിസ്ട്രസ് |
| 3-16 | 269243 | 65750 | ഡോ.അനോൾഡ് ദീപക്,<br>മെഡിക്കൽ ഓഫീസർ - PHC |
| | | 158948 | ഡോ.രാജശേഖരൻ.എം<br>മെഡിക്കൽ ഓഫീസർ - ആയുർവേദം |
| | | 44545 | ഡോ.സുനിൽ കുമാർ.എസ്,<br>മെഡിക്കൽ ഓഫീസർ - ഹോമിയോ |
| 3-18 | 7198 | | ഡോ.അനോൾഡ് ദീപക്,<br>മെഡിക്കൽ ഓഫീസർ - PHC |
| ആകെ | 4052246 | | |

**(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ,മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

*ഇല്ല*

**(ഇ)നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

*ഇല്ല*

**(എഫ്)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| ക്രമ നമ്പർ | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | ശ്രീമതി. റീന.ഒ.റ്റി<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ,<br>ആലങ്കോട് ഗ്രാമപഞ്ചായത്ത്,<br>എറണാകുളം | തോട്ടക്കാട് വീട്,<br>കൃഷ്ണൻ കോട്ട . പി.ഒ,<br>തൃശ്ശൂർ |
| 2 | ശ്രീമതി. ശ്രീവിദ്യ,<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ,<br>ചിറയിൻകീഴ് ഗ്രാമപഞ്ചായത്ത്, | ഇലവുംപാക്കൽചിറ,<br>മാങ്കൊമ്പ്.പി.ഒ,<br>ആലപ്പുഴ |
| 3 | ശ്രീ. ശ്രീകുമാർ.കെ.എസ്,<br>ഹെഡ്മാസ്റ്റർ | ഹെഡ്മാസ്റ്റർ,<br>ശാർക്കര യു.പി.എസ് | സായൂജ്യം,<br>കടമ്പാട്ട്കോണം,<br>പാരിപ്പള്ളി.പി.ഒ,<br>കൊല്ലം - 695101 |
| 4 | ശ്രീമതി. അനുരാജൻ.എസ്,<br>കൃഷി ഓഫീസർ | കൃഷി ഓഫീസർ, ചിറയിൻകീഴ് ഗ്രാമപഞ്ചായത്ത് | എസ്.ആർ.എ. ബി 101,<br>ശ്രീശൈലം, കാട്ടായിക്കോണം.പി.ഒ.<br>തിരുവനന്തപുരം - 695584 |
| 5 | ശ്രീമതി. ആശാരാജൻ,<br>വെറ്റിനറി സർജൻ | വെറ്റിനറി സർജൻ, വെറ്റിനറി ഹോസ്പിറ്റൽ, | 51/1858(12),<br>സ്റ്റേഡിയം റോഡ്, |

| | | | |
|---|---|---|---|
| | | ചിറയിൻകീഴ് | കൊല്ലംകോണം,<br>പാപ്പനംകോട്. പി.ഒ,<br>തിരുവനന്തപുരം |
| 6 | ശ്രീമതി. ജയലത.വി,<br>ഹെഡ്മിസ്ട്രസ് | ഹെഡ്മിസ്ട്രസ്, ആര്യവിലാസം L.P. സ്കൂൾ, ചിറയിൻകീഴ് | ജാനു നിവാസ്,<br>കോസ്മോ ഗാർഡൻ,<br>അവനവനഞ്ചേരി .പി.ഒ,<br>ആറ്റിങ്ങൽ |
| 7 | ഡോ.രാജശേഖരൻ.എം<br>മെഡിക്കൽ ഓഫീസർ – ആയുർവേദം | മെഡിക്കൽ ഓഫീസർ, ചിറയിൻകീഴ് ഗ്രാമപഞ്ചായത്ത് | എം.എസ്. ഭവൻ,<br>പയറ്റുവിള .പി.ഒ,<br>ബാലരാമപുരം |
| 8 | ഡോ.സുനിൽ കുമാർ.എസ്,<br>മെഡിക്കൽ ഓഫീസർ – ഹോമിയോ | – | എൽ.എസ്.സദനം,<br>ആങ്ങാവിള ജംഗ്ഷൻ,<br>വക്കം .പി.ഒ,<br>തിരുവനന്തപുരം |
| 9 | ഡോ.അനോൾഡ് ദീപക്,<br>മെഡിക്കൽ ഓഫീസർ – PHC | – | ദീപം,<br>32/871,വെട്ടുകാട്,<br>തിരുവനന്തപുരം |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെകത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം, ഖണ്ഡിക നമ്പർ | റിമാർക്സ് |
|---|---|---|---|
| 2000-01 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/1180/2018, 4.6.18 | 2 | |
| 2004-05 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/1180/2018, 4.6.18 | 4 | |
| 2005-06 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/1180/2018, 4.6.18 | 4 | |
| 2006-07 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/1180/2018, 4.6.18 | 1 | |
| 2008-09 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/1180/2018, 4.6.18 | 5 | |
| 2009-10 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/1180/2018, 4.6.18 | 5 | |
| 2010-11 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/1180/2018, 4.6.18 | 4 | |
| 2011-12 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/1180/2018, 4.6.18 | 4 | |
| 2012-13 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/1180/2018, 4.6.18 | 11 | |
| 2013-14 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/1180/2018, 4.6.18 | 16 | |
| 2014-15 | നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.8/ 1399/2016, 03.08.2016 | 11 | |
| 2015-16 | നം.കെ.എസ്.എ/റ്റി.വി.എം/ജി.പി.8/2196 /2016, 28.12.2016 | 11 | |
| 2016-17 | കെ.എസ്.എ.റ്റി.വി.എം/ജി.പി.8/1615/2017, | 9 | |

| | | | |
|---|---|---|---|
| | 04.08.2017 | | |
| 2017-18 | കെ.എസ്.എ.റ്റി.വി.എം/ജി.പി.8/2548/2018, 01.02.2019 | 34 | |

**ഒപ്പ്**

**ഡെപ്യൂട്ടി ഡയറക്ടർ,**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

# അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് (4), 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ വകുപ്പ് 215 ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ചിറയിൻകീഴ് ഗ്രാമപഞ്ചായത്തിന്റെ 2018-19-ലെ വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നുവെന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

R.7.8.19